# അദ്ധ്യായം III
# ഉന്നത വിദ്യാഭ്യാസ വകുപ്പ്

## 3.1. രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ നടപ്പാക്കൽ

### 3.1.1. ആമുഖം

2013 സെപ്റ്റംബറിൽ മാനവ വിഭവശേഷി വികസന മന്ത്രാലയം[69] (എംഎച്ച്ആർഡി) ആരംഭിച്ച XII, XIII പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കേണ്ട[70] ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ). ഉന്നതവിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും അതു നിരീക്ഷിക്കുന്നതിനുമുള്ള മതിയായ ശേഷി വികസിപ്പിക്കുന്നതിന് സംസ്ഥാനങ്ങളെ പ്രാപ്തമാക്കുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതായിരുന്നു റൂസയുടെ പ്രധാന ലക്ഷ്യം. സംസ്ഥാന സർവകലാശാലകളുടെയും കോളേജുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവയുടെ നിലവിലുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും അതു വഴി അവയെ ചലനാത്മകവും, ആവശ്യകതാധിഷ്ഠിതവും ഗുണനിലവാര ബോധവും ദേശീയ അന്തർദേശീയ തലങ്ങളിലെ ദ്രുതഗതിയിലുള്ള സാമ്പത്തിക, സാങ്കേതിക പുരോഗതികളോടു പ്രതികരിക്കുന്നതുമായ സ്ഥാപനങ്ങളായി മാറ്റുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

2013-17 കാലയളവിൽ റൂസ 1.0 2018-22 കാലയളവിൽ റൂസ 2.0 എന്നീ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. കൂടുതൽ അവലോകനത്തിനായി 2026 മാർച്ച് 31 വരെ ഈ പദ്ധതി തുടരുന്നതിനുവേണ്ടി ഭാരത സർക്കാർ അംഗീകാരം നൽകി (2022 ഫെബ്രുവരി). സംസ്ഥാനത്ത്, ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാന പ്രോജക്ട് ഡയറക്ടറായും (എസ് പി ഡി) കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർ റൂസയുടെ സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത റൂസ 1.0, 2.0 എന്നിവയുടെ ഘടകങ്ങൾ **അനുബന്ധം 3.1**-ൽ വിശദമാക്കിയിട്ടുണ്ട്.

#### *3.1.1.1. റൂസയുടെ സ്ഥാപന ഘടന വ്യവസ്ഥ*

കേന്ദ്ര, സംസ്ഥാന, സ്ഥാപന തലത്തിലുള്ള റൂസ മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്ത പ്രകാരം പങ്കാളിത്തമുള്ളതും ഉൾക്കൊള്ളുന്നതുമായ സ്ഥാപനങ്ങളുടെ ഘടനയും വിവിധ സ്ഥാപനങ്ങളുടെ ചുമതലകളും അധികാരങ്ങളും ചുവടെയുള്ള **ചാർട്ട് 3.1**-ൽ കാണിച്ചിരിക്കുന്നു.

---

[69] 2020 ആഗസ്റ്റിൽ പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപനത്തിലൂടെ വിദ്യാഭ്യാസ മന്ത്രാലയം എന്ന് പുനർനാമകരണം ചെയ്തു

[70] XII-ാം പഞ്ചവത്സര പദ്ധതി 2012-17 കാലയളവിലും XIII-ാം പഞ്ചവത്സര പദ്ധതി 2017-22 കാലയളവിലും ഉൾക്കൊള്ളുന്നു.

**ചാർട്ട് 3.1: റൂസയുടെ സ്ഥാപന ഘടന വ്യവസ്ഥ**

## കേന്ദ്ര തലം

**ദേശീയ മിഷൻ അതോറിറ്റി (എൻഎംഎ)**

- മൊത്തത്തിലുള്ള നയങ്ങൾക്കും ആസൂത്രണത്തിനും മാർഗ്ഗനിർദ്ദേശം നൽകുന്നു, പദ്ധതി അംഗീകാര ബോർഡിന്റെ (പിഎബി) പ്രവർത്തനം അവലോകനം ചെയ്യുന്നു.

**പദ്ധതി അംഗീകാര ബോർഡ് (പിഎബി)**

- സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതികൾ പരിശോധിക്കുകയും വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്യുന്നു, സംസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഫണ്ട് അനുവദിക്കുന്നതിന് അംഗീകാരം നൽകുന്നു.

**ദേശീയ പദ്ധതി ഡയറക്ടറേറ്റ് (എൻഎംഡി)**

- കേന്ദ്ര-സംസ്ഥാന തലങ്ങളിൽ പ്രോജക്ട് ഫണ്ട് നിർവ്വഹണവും പദ്ധതി നടത്തിപ്പും ചുമതലപ്പെടുത്തിയിരിക്കുന്നു.

**ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ടിഎസ്ജി)**

- സംസ്ഥാന വിദ്യാഭ്യാസ പദ്ധതികളുടെ രൂപീകരണത്തിലും വിലയിരുത്തലിലും സംസ്ഥാനങ്ങളെ സഹായിക്കുന്നു.

## സംസ്ഥാന തലം

**സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (എസ്എച്ച്ഇസി)**

- സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി (എസ്എച്ച്ഇപി) തയ്യാറാക്കുകയും സംസ്ഥാനത്തെ സ്ഥാപനങ്ങൾക്ക് പദ്ധതികൾ രൂപീകരിക്കുന്നതിന് സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

**സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് (എസ്.പി.ഡി)**

- സംസ്ഥാന തലത്തിൽ പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നു.

**സംസ്ഥാന ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ടിഎസ്ജി)**

- ഫണ്ടുകളുടെയും വിവരങ്ങളുടെയും ഒഴുക്ക് നിരീക്ഷിക്കുന്നു.

## സ്ഥാപന തലം

**സർവകലാശാലകൾ/കോളേജുകൾ**

**ബോർഡ്**

- പ്രോജക്ക്റ്റ് നടപ്പാക്കുന്നതിനും ആന്തരികമായി പ്രോജക്ട് നിരീക്ഷിക്കുന്നതിനും ആവശ്യമായ കമ്മിറ്റികൾ രൂപീകരിക്കുകയും മേൽനോട്ടം വഹിക്കുകയും നയിക്കുകയും ചെയ്യുന്നു.

**പദ്ധതി നിരീക്ഷണ യൂണിറ്റുകൾ**

- സ്ഥാപന തലത്തിൽ പദ്ധതി നിരീക്ഷിക്കുന്നു.

### 3.1.2. ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി

2023 മേയ് മുതൽ ആഗസ്റ്റ് വരെ ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങളെ വിലയിരുത്തുന്നതിനായി അനുവർത്തന ഓഡിറ്റ് നടത്തുകയുണ്ടായി;

- സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ലഭ്യതയും തുല്യതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി റൂസ പദ്ധതിയുടെ നടത്തിപ്പ് കൃത്യമായും ഫലപ്രദമായും കാര്യക്ഷമമായും ആസൂത്രണം ചെയ്തിട്ടുണ്ടോ;
- നിലവിലുള്ള നിർദ്ദേശങ്ങൾക്കും മാർഗ്ഗരേഖകൾക്കും അനുസൃതമായി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയോ;
- റൂസ ഫണ്ടുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് മതിയായ മുൻകൈയ്യെടുത്തോ;
- പദ്ധതിയുടെ നിരീക്ഷണവും വിലയിരുത്തലും ഫലപ്രദമായിരുന്നോ.

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിലും, സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റിലും കൂടാതെ, തെരഞ്ഞെടുത്ത നാല് ജില്ലകളിലെ[71] തെരഞ്ഞെടുത്ത സർവകലാശാലകൾ/സ്ഥാപനങ്ങളിലും 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ രേഖകൾ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. തെരഞ്ഞെടുത്ത ജില്ലകളിലെ നാല് സർവകലാശാലകളെയും ഓഡിറ്റിന് വിധേയമാക്കി. റൂസ ധനസഹായം ലഭിച്ചിട്ടുമുള്ള സ്ഥാപനങ്ങളിൽ 20 ശതമാനവും (12 സ്ഥാപനങ്ങൾ) റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിൽ ഫണ്ട് ലഭിക്കാത്ത സ്ഥാപനങ്ങളുടെ 10 ശതമാനവും (ഒമ്പത് സ്ഥാപനങ്ങൾ) ഐഡിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സിമ്പിൾ റാൻഡം സാംപ്ളിംഗ് വിത്തൗട്ട് റീപ്ലേയ്സ്മെന്റ് വഴി തെരഞ്ഞെടുത്തിരുന്നു. തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ **അനുബന്ധം 3.2**-ൽ ലിസ്റ്റ് ചെയ്തിരിക്കുന്നു. 2023 മേയ് 24-ന് റൂസയുടെ സംസ്ഥാന പ്രോജക്ട് കോർഡിനേറ്ററുമായി ഒരു പ്രാരംഭ കൂടിക്കാഴ്ച നടത്തുകയും, അതിൽ ഓഡിറ്റ് ലക്ഷ്യങ്ങളും വ്യാപ്തിയും രീതിയും ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റിന്റെ സമാപനത്തിൽ, 2024 ഏപ്രിൽ 23-ന് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയുമായി അന്തിമ കൂടിക്കാഴ്ച നടത്തുകയും അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയുകയുമുണ്ടായി. കേരള സർക്കാരിന്റെ മറുപടി (2024 ഏപ്രിൽ) ലഭിക്കുകയും, അത് ഖണ്ഡികകളിൽ ഉചിതമായി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

#### *ഓഡിറ്റ് കണ്ടെത്തലുകൾ*

ഈ മേഖലയിൽ നിലവിലുള്ള മറ്റ് പദ്ധതികളെ[72] ഉൾക്കൊള്ളിച്ച് മിഷൻ മോഡിൽ പ്രവർത്തിപ്പിക്കാനുള്ള ഒരു ബൃഹത് പദ്ധതിയായിരുന്നു റൂസ. ഉദ്ദേശിച്ച ഫലങ്ങൾ സാക്ഷാത്കരിക്കുന്നതിന്, പരിഷ്ക്കരണ പ്രക്രിയകൾക്കുള്ള ഒരു കൂട്ടം പ്രതിബദ്ധതകൾ സംസ്ഥാനങ്ങൾ നൽകേണ്ടതുണ്ട്, അത് റൂസ നടപ്പിലാക്കുന്ന സമയത്തു തന്നെ നിറവേറ്റേണ്ടതുമാണ്. ഈ പ്രതിബദ്ധതകൾ ഒഴിച്ചുകൂടാനാവാത്തവയാണ്, കൂടാതെ അവ രണ്ട് തലങ്ങളിലായിട്ടാണുള്ളത്, അതായത്, കേന്ദ്രത്തിന് സംസ്ഥാനങ്ങൾ നൽകുന്ന പ്രതിബദ്ധതയും, സ്ഥാപനങ്ങൾ സംസ്ഥാനത്തിന് നൽകുന്ന പ്രതിബദ്ധതയും. ഈ പ്രതിബദ്ധതകൾ നിറവേറ്റുന്നില്ലെങ്കിൽ, പദ്ധതിക്ക് കീഴിൽ ഗ്രാന്റുകൾ ലഭിക്കുന്നതിന് സംസ്ഥാനങ്ങളും

---

71 തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കണ്ണൂർ

72 യുജിസിയുടെ കീഴിലുള്ള പദ്ധതികൾക്ക് പുറമേ, മോഡൽ ഡിഗ്രി കോളേജുകളുടെ പദ്ധതികളും പോളിടെക്നിക്കുകളുടെ ഉപ മിഷനുകളും റൂസയ്ക്ക് കീഴിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സ്ഥാപനങ്ങളും യോഗ്യരായി കണക്കാക്കപ്പെടുകയില്ലായിരുന്നു. ഈ പ്രതിബദ്ധതകൾ പാലിക്കുന്നതിന്റെ അളവ് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി, തത്ഫലമായുണ്ടായ നിരീക്ഷണങ്ങൾ ചുവടെ വിശദമായി വിവരിച്ചിരിക്കുന്നു:

### 3.1.3. 2007-ൽ ഭേദഗതി ചെയ്ത കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ നിയമത്തിലെ ചില വ്യവസ്ഥകളും റൂസ മാർഗ്ഗനിർദ്ദേശങ്ങളും തമ്മിലെ പൊരുത്തക്കേട്

റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് (2013 സെപ്റ്റംബർ), രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാന നിയമസഭ പാസാക്കിയ നിയമപ്രകാരം സംസ്ഥാന സർക്കാർ ഒരു സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (എസ്എച്ച്ഇസി) രൂപീകരിക്കേണ്ടതായിരുന്നു. സ്ഥാപനങ്ങളുടെ സ്ഥാപന വികസന പദ്ധതികൾ (ഐഡിപി) സംയോജിപ്പിച്ച് സമഗ്രവും ദീർഘകാലത്തേക്കുള്ളതുമായ സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി (എസ്എച്ച്ഇപി) വികസിപ്പിക്കേണ്ട ഉന്നത വിദ്യാഭ്യാസത്തിനായുള്ള പരമോന്നത നയരൂപീകരണ സ്ഥാപനമാണ് എസ്എച്ച്ഇസി.

കേരളത്തിൽ 2007-ലെ കേരള ഉന്നത വിദ്യാഭ്യാസ നിയമത്തിലെ (നിയമം) വ്യവസ്ഥകൾ അനുസരിച്ച് 2007 മുതൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (കെ.എസ്.എച്ച്.ഇ.സി.) നിലവിലുണ്ട്. റൂസ മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 5.2-ൽ, കൗൺസിൽ അംഗങ്ങളുടെ കാലാവധിയും നിലവിൽ കൗൺസിലുകളുള്ള സംസ്ഥാനങ്ങൾ കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ട രീതിയും പ്രതിപാദിക്കുന്നു. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ കേരള സർക്കാർ 2013 ഒക്ടോബർ 30-ന് റൂസ-യിൽ ചേരുകയും 2013 നവംബർ 06-ന് എംഎച്ച്ആർഡി നടത്തിയ ആദ്യ പദ്ധതി അംഗീകാര ബോർഡ് (പിഎബി) മീറ്റിംഗിൽ പങ്കെടുത്തെങ്കിലും, അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം 2018 ജൂലൈയിൽ മാത്രമാണ് സംസ്ഥാനം നിയമം ഭേദഗതി ചെയ്തത്. കൂടാതെ, താഴെ വിവരിച്ചിരിക്കുന്നതുപോലെ നിയമത്തിലെ വ്യവസ്ഥകൾ റൂസയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ല.

റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, കൗൺസിലിന്റെ ചെയർമാൻ തെളിയിക്കപ്പെട്ട നേതൃഗുണങ്ങളുള്ള ഒരു പ്രമുഖ അക്കാദമിക്/പൊതു ബുദ്ധിശാലിയായിരിക്കണം. കൂടാതെ, ഭാരത സർക്കാരിന്റെ ഒരു പ്രതിനിധിയെ അംഗമായി ഉൾപ്പെടുത്തുകയും വേണം. അഞ്ച് വർഷത്തിൽ കൂടുതൽ നീട്ടാൻ കഴിയാത്ത ഒരു കാലയളവിലേക്ക് ഒരു ചെയർമാനെ സംസ്ഥാന മുഖ്യമന്ത്രി, നിയമസഭാ സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്ന കമ്മിറ്റി തെരഞ്ഞെടുക്കണമെന്നും, ഇത് തെളിയിക്കപ്പെട്ട റെക്കോർഡും സത്യസന്ധനായ പ്രമുഖ അക്കാദമിക്/പൊതു ബുദ്ധിശാലികളുടെ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്ത സ്ഥാനാർത്ഥികളുടെ ചുരുക്ക പട്ടികയുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്. അതുപോലെ, വൈസ് ചെയർമാനെയും മെമ്പർ സെക്രട്ടറിയെയും അഞ്ച് വർഷത്തിൽ കൂടുതൽ നീട്ടാൻ കഴിയാത്ത ഒരു കാലയളവിലേക്ക് തെരഞ്ഞെടുക്കുന്നത് കൗൺസിൽ ചെയർമാനും മറ്റ് രണ്ട് അംഗങ്ങളും അടങ്ങുന്ന മൂന്നംഗ സെർച്ച് കമ്മിറ്റിയാണ്, അവരിൽ ഒരാളെ സ്റ്റേറ്റ് കൗൺസിൽ നോമിനേറ്റ് ചെയ്യേണ്ടതും മറ്റുള്ളവരെ സർക്കാർ നോമിനേറ്റ് ചെയ്യേണ്ടതുമാണ്.

ഭേദഗതി ചെയ്ത നിയമം റൂസ മാർഗ്ഗനിർദ്ദേശങ്ങളുമായി പൊരുത്തപ്പെടാത്തതും മേൽപ്പറഞ്ഞ ആവശ്യകതകൾ പാലിക്കുന്നതിന് പര്യാപ്തമല്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണമായി റൂസ നിർദ്ദേശിച്ച തെരഞ്ഞെടുപ്പ് പ്രക്രിയയെ അവഗണിച്ചുകൊണ്ട്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ മന്ത്രിയെ കൗൺസിൽ

ചെയർമാനായും, വൈസ് ചെയർമാനെയും മെമ്പർ സെക്രട്ടറിയെയും സർക്കാർ നിയമിക്കണമെന്നും നിയമ ഭേദഗതി വ്യവസ്ഥ ചെയ്തു.

റൂസ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകളും 2018-ലെ നിയമ ഭേദഗതിയും തമ്മിലുള്ള എട്ട് വ്യതിയാനങ്ങൾ **അനുബന്ധം 3.3**-ൽ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ പ്രത്യേക പരിഗണനകൾ കണക്കിലെടുത്ത് റൂസ മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള ഭൂരിഭാഗം വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് കെഎസ്എച്ച്ഇസി നിയമം 2018-ൽ ഭേദഗതി ചെയ്തതായി സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ). ഭേദഗതികൾ റൂസ മാർഗ്ഗനിർദ്ദേശങ്ങൾക്ക് സമാനവും, റൂസക്ക് വിരുദ്ധമോ റൂസയുടെ വിശാലമായ ലക്ഷ്യങ്ങൾക്ക് ഹാനികരമോ അല്ല. എന്നിരുന്നാലും, 2007-ലെ നിയമത്തിൽ 2018-ൽ വരുത്തിയ ഭേദഗതികൾ റൂസ യുമായി ബന്ധപ്പെട്ട വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ല.

### 3.1.4. സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിലെ കാലതാമസവും അടിസ്ഥാന സർവ്വേ നടത്താത്തതും

റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി (എസ്എച്ച്ഇപി) എന്ന പേരിൽ ഉന്നത വിദ്യാഭ്യാസത്തിനായുള്ള ഒരു വീക്ഷണ പദ്ധതി, ഭാരത സർക്കാരിന്റെ എംഎച്ച്ആർഡിക്ക് സമർപ്പിക്കുന്നതിന് എസ്എച്ച്ഇസി തയ്യാറാക്കേണ്ടതുണ്ട്. ഒരു സംസ്ഥാനത്തിന്റെയും അതിന്റെ സ്ഥാപനങ്ങളുടെയും പ്രകടനം ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡമായി വർത്തിക്കുന്ന മാർഗ്ഗനിർദ്ദേശ രേഖയായിരുന്നു എസ്എച്ച്ഇപി. സ്ഥാപനം, സംസ്ഥാനം എന്നീ രണ്ട് ഘടകങ്ങൾ എസ്എച്ച്ഇപിക്ക് ഉണ്ടായിരിക്കണം. സ്ഥാപന ഘടകത്തിൽ സ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള ഒന്നിലധികം പങ്കാളികളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സ്ഥാപന തലത്തിൽ സ്ഥാപന വികസന പദ്ധതി (ഐഡിപി) തയ്യാറാക്കേണ്ടതും സംസ്ഥാന തലത്തിൽ എസ്എച്ച്ഇപിയുമായി കൂട്ടിച്ചേർക്കേണ്ടതുമാണ്. മികവ്, പ്രാദേശികവും ഭൂമിശാസ്ത്രപരവുമായ വിടവുകൾ, ലഭ്യത, ഭരണം മുതലായവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുകയായിരുന്നു സംസ്ഥാന ഘടകം ചെയ്യേണ്ടത്. സേവനമില്ലാത്തതും കുറഞ്ഞതുമായ മേഖലകൾ കണ്ടെത്തി ഈ മേഖലകളിൽ പുതിയ സ്ഥാപനങ്ങൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാകേണ്ടിയിരുന്നു.

റൂസ 1.0 പ്രകാരം, എസ്എച്ച്ഇപി 2014 ജനുവരി 31-നകം എംഎച്ച്ആർഡി-ക്ക് സമർപ്പിക്കേണ്ടതായിരുന്നു. അന്തിമ എസ്എച്ച്ഇപി 2015 ഫെബ്രുവരിയിൽ കേരള സർക്കാർ എംഎച്ച്ആർഡി-ക്ക് സമർപ്പിച്ചു. ഇത് 2015 മാർച്ചിൽ പിഎബി പരിഗണിക്കുകയുണ്ടായി. വിശദമായ ഓഡിറ്റിനായി തെരഞ്ഞെടുത്ത റൂസ 1.0-ന് കീഴിലുള്ള ഒൻപതു സ്ഥാപനങ്ങളിൽ ആരും തന്നെ എസ്എച്ച്ഇപി തയ്യാറാക്കുന്നതിനായി ഐഡിപികൾ എസ്എച്ച്ഇസി-ക്ക് സമർപ്പിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

റൂസ 2.0-നുള്ള എസ്എച്ച്ഇപി തയ്യാറാക്കി 2018 മേയിൽ എസ്എച്ച്ഇസി സമർപ്പിച്ചു. റൂസ 2.0-ന് കീഴിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളൊന്നും എസ്എച്ച്ഇപി തയ്യാറാക്കുന്നതിനായി കെഎസ്എച്ച്ഇസിക്ക് അവരുടെ ഐഡിപികൾ (2018 മേയ്) നൽകിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. റൂസ 1.0, 2.0 എന്നിവയ്ക്കുള്ള എസ്എച്ച്ഇപി-കൾ ഐഡിപി-കളെ കൂട്ടിച്ചേർക്കാതെ കെഎസ്എച്ച്ഇസി തയ്യാറാക്കിയതാണെന്ന് ഇത് സൂചിപ്പിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ, മാനവ വിഭവശേഷി, സംഭരണം, മുതലായവയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥാപന തലത്തിലും ഉപ

യൂണിറ്റുകളിലും വിഭവ ആവശ്യകതകളെ ഐഡിപിയിൽ ചിത്രീകരിക്കുന്ന ഒരു ബോട്ടം-അപ്പ് സമീപനമാണ് റൂസ വിഭാവനം ചെയ്യുന്നത്. എന്നാൽ, ഐഡിപി-കൾ സമർപ്പിക്കാത്തത് മൂലം സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ ഉൾക്കൊള്ളിക്കാതെ എസ്എച്ച്ഇപി തയ്യാറാക്കുന്നതിന് കാരണമാകുന്നു.

കൂടാതെ, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ, ഉന്നതവിദ്യാഭ്യാസത്തിലെ പ്രവേശനം, തുല്യത, മികവ് എന്നിവയിൽ നിർണ്ണായകമായ ആവശ്യങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ഒരു അടിസ്ഥാന സർവ്വേ സംസ്ഥാനം എസ്.എച്ച്.ഇ.പി. രൂപീകരിക്കുന്നതിന് മുമ്പ് നടത്തിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അടിസ്ഥാന സർവ്വേയുടെ അഭാവത്തിൽ, സേവനം ലഭിക്കാത്തതും കുറഞ്ഞ സേവനങ്ങൾ ലഭിക്കുന്നതുമായ പ്രദേശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ഈ മേഖലകൾക്ക് പ്രയോജനം ചെയ്യുന്നതിനായി എസ്.എച്ച്.ഇ.പി.-യിൽ പുതിയ സ്ഥാപനങ്ങൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കിയതിനെ കുറിച്ചും ഓഡിറ്റിന് ഉറപ്പുനൽകാൻ കഴിയുന്നില്ല.

സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിഭവ ആവശ്യകതകൾ കണക്കിലെടുത്തുകൊണ്ടും, ആ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ഈ മേഖലകൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ സേവനമില്ലാത്തതും കുറഞ്ഞ സേവനം നൽകുന്നതുമായ പ്രദേശങ്ങൾക്ക്, പ്രത്യേക പരിഗണനയും പുതിയ സ്ഥാപനങ്ങൾക്ക് പ്രത്യേക വ്യവസ്ഥകളും നൽകിയാണ് കെഎസ്എച്ച്ഇസി തയ്യാറാക്കിയതെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ). തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ എസ്എച്ച്ഇസിക്ക് ഐഡിപികൾ സമർപ്പിച്ചിട്ടില്ലാത്തതിനാലും സ്ഥാപനങ്ങളുടെ വിഭവ ആവശ്യകതകൾ അറിയാൻ കഴിയാത്തതിനാലും, മുകളിൽ പറഞ്ഞ മറുപടി വസ്തുതാപരമായി ശരിയല്ല. കൂടാതെ, സ്ഥാപനങ്ങളിൽ നിന്ന് എസ്എച്ച്ഇസി ശേഖരിച്ചതായി അവകാശപ്പെടുന്ന വിവരങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ല (2024 ജൂൺ).

### 3.1.5. സ്ഥാപനങ്ങൾ ഡി പി ആർ സമർപ്പിക്കുന്നതിലെ കാലതാമസം

സംസ്ഥാനങ്ങൾ സമർപ്പിച്ച എസ്എച്ച്ഇപി-കൾ പ്രോജക്ട് അപ്രൂവൽ ബോർഡ് (പിഎബി) പരിശോധിച്ച് വിലയിരുത്തി അംഗീകരിക്കുകയും, സംസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പ്രകടനം വിലയിരുത്തി, ഫണ്ട് അനുവദിക്കുന്നതിനായി അംഗീകരിക്കുകയും ചെയ്യുന്നു[73]. പി.എ.ബി യുടെ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് എംഎച്ച്ആർഡി കേന്ദ്ര വിഹിതത്തിന്റെ 50 ശതമാനം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് വേണ്ടി ആദ്യ ഗഡുവായി സംസ്ഥാനത്തിന് നൽകുന്നു. അത്തരം സ്ഥാപനങ്ങൾ പ്രവൃത്തികളുടെ വിശദാംശങ്ങൾ, എസ്റ്റിമേറ്റുകൾ മുതലായവ അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) എസ്പിഡി അതത് സ്ഥാപനങ്ങളെ അറിയിച്ച തീയതികൾക്കുള്ളിൽ എസ്പിഡിക്ക് നൽകേണ്ടതുണ്ട്. ഡിപിആറുകളുടെ അംഗീകാരത്തെത്തുടർന്ന് എസ്പിഡിയാണ് സ്ഥാപനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുന്നത്.

---

[73] റൂസ 2.0-ലേക്ക് തെരഞ്ഞെടുക്കുന്നതിന്, സ്ഥാപനങ്ങൾ എംഎച്ച്ആർഡിയുടെ ചലഞ്ച് ലെവൽ ഫണ്ടിംഗ് പോർട്ടലിലേക്ക് (പോർട്ടൽ) നേരിട്ട് സ്ഥാപനങ്ങളുടെ വിവരം അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്. കൂടാതെ, സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ കേന്ദ്രത്തിലെ ടിഎസ്ജി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയ്ക്കു കീഴിൽ സ്ഥാപനത്തെ ഉൾപ്പെടുത്തുന്നതിന് പിഎബി അംഗീകാരം നൽകുന്നത്.

റൂസ 1.0 പ്രകാരം തെരഞ്ഞെടുത്ത ഒമ്പത് സ്ഥാപനങ്ങളിൽ കണ്ണൂർ സർവകലാശാല ഡിപിആർ സമർപ്പിക്കാൻ 15 മാസത്തെ കാലതാമസം വരുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മറ്റൊരു സ്ഥാപനമായ തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് 2023 സെപ്റ്റംബർ ആയിട്ടും ഡിപിആർ അന്തിമമാക്കിയിരുന്നില്ല. തൽഫലമായി, അടിസ്ഥാന സൗകര്യ ഗ്രാന്റായി എസ്‌പിഡിയുടെ സംസ്ഥാന നോഡൽ അക്കൗണ്ടിലേക്ക് അനുവദിച്ച ഫണ്ടിന്റെ കേന്ദ്ര-സംസ്ഥാന വിഹിതം ഡിപിആറിന്റെ അന്തിമരൂപം തയ്യാറാകാത്തതിനാൽ സ്ഥാപനത്തിന് ഉപയോഗിക്കാനായില്ല.

റൂസ 2.0 പ്രകാരം, റൂസ ധനസഹായം ലഭിക്കുന്നതിന് എല്ലാ സ്ഥാപനങ്ങളും പോർട്ടലിൽ ഡാറ്റാ അപ്‌ലോഡ് ചെയ്യേണ്ടതുണ്ട് (2018 മേയ്). 2018 ജൂൺ 19-നോ അതിനുമുമ്പോ എസ്‌പിഡിക്ക് ഡിപിആർ സമർപ്പിക്കാൻ സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട 95 സ്ഥാപനങ്ങൾക്ക് റൂസയുടെ എസ്‌പിഡി നിർദ്ദേശം നൽകി (2018 ജൂൺ 13). എട്ട് സ്ഥാപനങ്ങളുടെ രേഖകൾ പരിശോധിച്ചതിൽ ഏഴ് സ്ഥാപനങ്ങൾക്ക് അന്തിമ ഡിപിആർ സമർപ്പിക്കാൻ 347 ദിവസം മുതൽ 4 $^{1}/_{2}$ വർഷം വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി. ഇത് താഴെ **പട്ടിക 3.1**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1: റൂസ 2.0-ൽ ഡിപിആർ സമർപ്പിക്കുന്നതിലെ കാലതാമസത്തിന്റെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അന്തിമ ഡിപിആർ സമർപ്പിച്ച തീയതി | കാലതാമസം ദിവസത്തിൽ |
|---|---|---|---|
| 1 | ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര | 2019 ജൂൺ | 347 |
| 2 | സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ | 2022 ജൂൺ | 713 |
| 3 | ടി എം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന് | 2020 ആഗസ്റ്റ് | 774 |
| 4 | എൻഎസ്എസ് ട്രെയിനിംഗ് കോളേജ്, ഒറ്റപ്പാലം | 2019 ഒക്ടോബർ | 469 |
| 5 | സർക്കാർ ആർട്സ് കോളേജ്, തിരുവനന്തപുരം | 2019 ജൂൺ | 347 |
| 6 | എച്ച്എച്ച്എംഎസ്പിബിഎൻഎസ്എസ് കോളേജ് ഫോർ വിമൻ, നീറമൺകര | 2019 ജൂലൈ | 377 |
| 7 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല | 2023 മാർച്ച് | 1716 |

*(ഉറവിടം: സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങൾ)*

സ്ഥാപനങ്ങൾ ഡിപിആർ സമർപ്പിക്കുവാൻ താമസിച്ചതിന്റെ ഫലമായി എസ്‌പിഡികൾക്ക് സ്ഥാപനങ്ങളിലേക്ക് ഫണ്ട് അനുവദിക്കുന്നതിനു കാലതാമസം ഉണ്ടായി.

ഏഴ് കേസുകളിലും ഡിപിആർ കൃത്യസമയത്താണ് സമർപ്പിച്ചതെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ). എന്നിരുന്നാലും, റൂസ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരുന്നതുകൊണ്ട്, എസ്റ്റിമേറ്റുകളിലോ നൽകിയ രേഖകളിലോ ഉള്ള പൊരുത്തക്കേടുകൾകൊണ്ടും, നിയമപരമായ അനുമതികളുടെ അഭാവം മുതലായ കാരണത്താലും, ഡിപിആർ തിരുത്തി വീണ്ടും സമർപ്പിക്കാൻ എസ്‌പിഡി സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോഴുള്ള അന്തർലീനവും ഉണ്ടാകാനിടയുള്ളതുമായ ബാഹ്യ അപകടസാധ്യതകൾ ഡിപിആറുകൾ പരിഗണിക്കേണ്ടതുണ്ടെന്ന കാരണത്താൽ മറുപടി സ്വീകാര്യമല്ല. പ്രാരംഭ ഘട്ടത്തിൽ തന്നെ ഡിപിആറുകൾ മേൽപ്പറഞ്ഞ വശങ്ങൾ പരിഗണിച്ചു കൊണ്ട് തയ്യാറാക്കിയിരുന്നെങ്കിൽ, ഡിപിആർ വീണ്ടും സമർപ്പിക്കുന്നതും പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസവും ഒഴിവാക്കാമായിരുന്നു.

### 3.1.6. റൂസ 1.0-ന്റെ പരിധിയിൽ നിന്ന് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളെ ഒഴിവാക്കൽ

രാജ്യത്തുടനീളമുള്ള എല്ലാ സംസ്ഥാന സർവകലാശാലകളും കോളേജുകളും (1956-ലെ യുജിസി നിയമത്തിലെ[74] വകുപ്പ് 12ബി, 2(എഫ്) എന്നിവയ്ക്ക് അനുസൃതവും അല്ലാത്തതും) ബിരുദധാരികളുടെ പഠന ഫലങ്ങളും തൊഴിലവസരങ്ങളും മെച്ചപ്പെടുത്തുന്നതിനും ഗവേഷണം, വികസനം, നവീകരണങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനും വേണ്ടി റൂസയുടെ പരിരക്ഷയ്ക്ക് അർഹതയുള്ളവയാണ്. സർക്കാർ കോളേജുകളും സർവകലാശാലകളും എല്ലാ ഘടകങ്ങൾക്കും യോഗ്യമായിരിക്കുമ്പോൾ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ ചില മാനദണ്ഡങ്ങളും അളവുകോലുകളും അടിസ്ഥാനമാക്കി അനുവദനീയമായ പ്രവർത്തനങ്ങൾക്ക്[75] യോഗ്യമാണെന്ന് കണക്കാക്കാം.

റൂസ 1.0 നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഐഡിപികളെ മാത്രം പരിഗണിക്കാൻ കേരള സർക്കാർ തീരുമാനിച്ചു (2014 ജൂലൈ) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി, എസ്എച്ച്ഇ.സി, യഥാക്രമം, സർവകലാശാലകൾക്കുള്ള അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, കോളേജുകൾക്കുള്ള അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ എന്നീ ഘടകങ്ങൾക്ക് കീഴിൽ എംഎച്ച്ആർഡി-ക്ക് സമർപ്പിച്ച (2015 ഫെബ്രുവരി) എസ്.എച്ച്.ഇ.പി.-യിൽ ആറ് സർവകലാശാലകളെയും 63 ഗവൺമെന്റ് കോളേജുകളെയും നിർദ്ദേശിക്കുകയുണ്ടായി. 63 സർക്കാർ കോളേജുകളിൽ 28 കോളേജുകൾ നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (എൻ.എ.എ.സി) വിവിധ ഗ്രേഡുകളോടെ അംഗീകാരം നേടിയിട്ടുണ്ടെന്നും ബാക്കി 35 കോളേജുകൾക്ക് എൻ.എ.എ.സി അക്രഡിറ്റേഷൻ ഇല്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, എൻ.എ.എ.സി എ അല്ലെങ്കിൽ ബി ഗ്രേഡുകൾ/ എൻ.ബി.എ അക്രഡിറ്റേഷൻ ഉള്ള നാല് സർവകലാശാലകളും 15 കോളേജുകളും മാത്രമേ റൂസ 1.0-യുടെ കീഴിൽ ഉൾപ്പെടുത്താൻ പിഎബി അംഗീകരിച്ചുള്ളൂ (2015 മാർച്ച്). കൂടാതെ, തുടർന്നുള്ള[76] പിഎബി-കളിൽ റൂസ 1.0-യുടെ കീഴിൽ രണ്ട് സർവകലാശാലകളെയും 11 കോളേജുകളെയും ചേർക്കുകയുണ്ടായി.

2015 ഫെബ്രുവരിയിൽ സമർപ്പിച്ച എസ്എച്ച്ഇപിയുടെ സൂക്ഷ്മപരിശോധനയിൽ, 2014-15 കാലയളവിൽ 166 സർക്കാർ എയ്ഡഡ് കോളേജുകൾക്ക് സാധുതയുള്ള എൻ.എ.എ.സി അക്രഡിറ്റേഷൻ ഉണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോളേജുകൾക്കുള്ള അടിസ്ഥാന സൗകര്യ ഗ്രാന്റിനുള്ള നിർദ്ദേശത്തിൽ ഈ കോളേജുകളെ ഉൾപ്പെടുത്തിയിട്ടില്ല.

റൂസ 1.0 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സർക്കാർ എയ്ഡഡ് കോളേജുകൾക്ക് സഹായം നൽകേണ്ടത് നിർബന്ധമല്ലെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). റൂസ 1.0 മാർഗ്ഗനിർദ്ദേശങ്ങളിൽ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ചില മുൻവ്യവസ്ഥകൾ പാലിക്കുന്നതിനനുസരിച്ച് ധനസഹായം ലഭ്യമാകുമെന്ന് വ്യക്തമായി പ്രസ്താവിക്കുന്നതിനാൽ മേൽപ്പറഞ്ഞ വാദം സ്വീകാര്യമല്ല. പദ്ധതിയുടെ

[74] 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) നിയമത്തിലെ വകുപ്പ് 2(എഫ്) പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതും വകുപ്പ് 12ബി പ്രകാരം കേന്ദ്ര സഹായം (യുജിസി ഗ്രാന്റ്) സ്വീകരിക്കാൻ അനുയോജ്യമാണെന്ന് പ്രഖ്യാപിക്കപ്പെട്ടതുമായ കോളേജുകൾക്ക് യുജിസി വിവിധ പദ്ധതികൾക്ക് കീഴിലുള്ള സഹായത്തിന്റെ അംഗീകൃത മാതൃക പ്രകാരം സാമ്പത്തിക സഹായം നൽകുന്നു

[75] അടിസ്ഥാന സൗകര്യവും ഗുണനിലവാരവും മെച്ചപ്പെടുത്തുക

[76] 2017-19 കാലയളവിൽ

വ്യാപ്തി സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള കേരള സർക്കാരിന്റെ തീരുമാനം മൂലം എൻ.എ.എ.സി എ അല്ലെങ്കിൽ ബി ഗ്രേഡുകളുള്ള 166 സർക്കാർ എയ്ഡഡ് കോളേജുകളെ റൂസ 1.0-ലേക്ക് പരിഗണിക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടു.

## 3.1.7. സാമ്പത്തിക നിർവ്വഹണം

### *3.1.7.1. ഫണ്ടിംഗ്*

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽ ഫണ്ട് പങ്കിടൽ രീതിയിലാണ് റൂസ പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാനം സമർപ്പിച്ച എസ്എച്ച്ഇപി അംഗീകരിച്ചാൽ, എംഎച്ച്ആർഡി കേന്ദ്ര സർക്കാരിന്റെ ഫണ്ട് സംസ്ഥാന സർക്കാരിന് അനുവദിക്കേണ്ടതാണ്.

കേന്ദ്രാവിഷ്കൃത സ്കീമുകൾക്ക് (സിഎസ്എസ്) കീഴിൽ ഫണ്ട് അനുവദിക്കുന്നതിന് സിംഗിൾ നോഡൽ ഏജൻസിയെ (എസ്എൻഎ) നിയോഗിക്കാൻ എല്ലാ സംസ്ഥാന സർക്കാരുകളോടും ധനമന്ത്രാലയം നിർദ്ദേശിച്ചു (2021 മാർച്ച്). 2021 ജൂലൈ 01 മുതൽ എസ്എൻഎ ഓരോ സിഎസ്എസിനും ഒരൊറ്റ നോഡൽ അക്കൗണ്ട് തുറക്കേണ്ടതാണ്. എസ്എൻഎ തീരുമാനിച്ച പ്രകാരം ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ സീറോ ബാലൻസ് സബ്സിഡിയറി അക്കൗണ്ടുകൾ തുറക്കേണ്ടതുണ്ട്. അതനുസരിച്ച്, കേരള സർക്കാർ എസ്പിഡിയെ എസ്എൻഎ ആയി നിയമിക്കുകയും (2021 ജൂലൈ), റൂസ ധനസഹായം നൽകുന്ന എല്ലാ സ്ഥാപനങ്ങളും സീറോ ബാലൻസ് സബ്സിഡിയറി അക്കൗണ്ടുകൾ തുറക്കാൻ എസ്പിഡി നിർദ്ദേശം നൽകുകയും ചെയ്തു (2021 ആഗസ്റ്റ്). സ്ഥാപനങ്ങളുടെ എസ്ബി അക്കൗണ്ടുകളിലെ 2021 ആഗസ്റ്റ് 31 വരെയുള്ള റൂസയുടെ ബാക്കി ഫണ്ട് എസ്എൻഎ അക്കൗണ്ടിലേക്ക് മാറ്റാൻ റൂസ ഫണ്ട് നൽകുന്ന സ്ഥാപനങ്ങൾക്ക് എസ്പിഡി നിർദ്ദേശം നൽകി (2021 ആഗസ്റ്റ്).

സംസ്ഥാന സർക്കാർ കേന്ദ്ര ഫണ്ടുകൾ സംസ്ഥാന വിഹിതത്തോടൊപ്പം എസ്എച്ച്ഇസി/എസ്പിഡി-യ്ക്കും, എസ്എച്ച്ഇസി/എസ്പിഡിയിൽ[77] നിന്നും സ്ഥാപനങ്ങൾക്കും നൽകുന്നതിനായി കൈമാറുന്നു. 2013-14 മുതൽ സംസ്ഥാനത്തെ 157 സ്ഥാപനങ്ങൾ/എസ്പിഡി[78]-ലേക്ക് റൂസ 1.0, റൂസ 2.0 എന്നിവയ്ക്കായി ₹433.28 കോടി (കേന്ദ്രവും സംസ്ഥാനവും) അനുവദിച്ചതിൽ, 2023 മാർച്ച് 31-ലെ വിനിയോഗം ₹310.54 കോടി (71.67 ശതമാനം) ആയിരുന്നു. കൂടാതെ, ₹122.74 കോടി എസ്പിഡിയുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ അവശേഷിക്കുന്നു. റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിലുള്ള 2023 മാർച്ച് 31-ലെ ധന ലഭ്യതയുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 3.2**-ൽ കാണിച്ചിരിക്കുന്നു:

---

[77] 2015 ജൂലൈ മുതൽ സംസ്ഥാന തലത്തിൽ ഫണ്ട് കൈകാര്യം ചെയ്തിരുന്നത് എസ്പിഡി ആണ്

[78] പ്രിപ്പറേറ്ററി ഗ്രാന്റ്, മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാലുവേഷൻ ആൻഡ് റിസർച്ച് (എംഎംഇആർ), തുല്യതാ സംരംഭങ്ങൾ

**പട്ടിക 3.2: റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിലുള്ള ഫണ്ട് ഫ്ലോയുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| പദ്ധതി | അംഗീകരിച്ചത് | അനുവദിച്ചത് | സംസ്ഥാനം/കേന്ദ്ര സർക്കാരിൽ നിന്നു അനുവദിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| റൂസ 1.0 | 199.57 | 189.03 | 10.54 |
| റൂസ 2.0 | 366.00 | 244.25 | 121.75 |
| **ആകെ** | **565.57** | **433.28** | **132.29** |

*(ഉറവിടം: എസ്പിഡി നൽകിയ വിവരങ്ങൾ)*

ഘടകങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.4**-ൽ നൽകിയിരിക്കുന്നു. 2013-17-ൽ[79] റൂസ 1.0 നടപ്പിലാക്കേണ്ടതായിരുന്നുവെങ്കിലും, റൂസ 1.0-ന് കീഴിൽ പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത എല്ലാ പ്രോജക്ടുകളും പൂർത്തീകരിക്കപ്പെട്ടിരുന്നില്ല. എന്നു മാത്രമല്ല ഓഡിറ്റ് കാലയളവിൽ ഈ പ്രോജക്ടുകളെല്ലാം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായിരുന്നു. ഭൗതിക പരിശോധന നടത്തുന്നതിൽ വന്ന കാലതാമസം, പദ്ധതി ആരംഭിക്കാത്തത് തുടങ്ങിയ കാരണങ്ങളാൽ റൂസ 1.0, റൂസ 2.0 എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് യഥാക്രമം ₹10.54 കോടിയും ₹121.75 കോടിയും ഫണ്ടുകൾ ഇനിയും അനുവദിച്ചിട്ടില്ല.

₹112.80 കോടി[80] തുകയ്ക്കുള്ള ഒരു നിർദ്ദേശം ഭാരത സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിലേക്ക് സമർപ്പിച്ചുവെന്നും (2023 ഡിസംബർ) ഫണ്ട് ലഭിച്ചാൽ ഉടൻ തന്നെ മുഴുവൻ പദ്ധതിയും പൂർത്തീകരിക്കുകയും തുക വേഗത്തിൽ ഉപയോഗിക്കുകയും ചെയ്യുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

### *3.1.7.2. ഫണ്ട് അനുവദിച്ചതിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങൾ*

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽ ഫണ്ട് പങ്കിടൽ രീതിയിലാണ് റൂസ പദ്ധതി നടപ്പിലാക്കിയത്. 2018-19 മുതൽ 2022-23 വരെയുള്ള ഓഡിറ്റ് കാലയളവിൽ എസ്പിഡി/സ്ഥാപനങ്ങളുടെ ഫണ്ടുകളുടെ വർഷാടിസ്ഥാനത്തിലുള്ള അനുവദിക്കലിന്റെയും വിനിയോഗത്തിന്റെയും സ്ഥിതി ചുവടെയുള്ള **പട്ടിക 3.3**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 3.3: സംസ്ഥാനത്തിന് ഫണ്ട് അനുവദിച്ചതിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങൾ**

| വർഷം | അനുവദിച്ച തുക (₹ കോടിയിൽ) | വിനിയോഗിച്ച തുക (₹ കോടിയിൽ) | വിനിയോഗം ശതമാനത്തിൽ |
|---|---|---|---|
| 2018-19 | 137.25 | 120.86 | 88.10 |
| 2019-20 | 24.00 | 18.44 | 76.80 |
| 2020-21* | 0 | 0 | 0 |
| 2021-22 | 15.84 | 12.02 | 75.90 |
| 2022-23 | 112.34 | 17.36 | 15.50 |

**(2020-21 കാലയളവിൽ കോവിഡ് സാഹചര്യത്തിൽ എംഎച്ച്ആർഡിയിൽ നിന്ന് വിഹിതം ഉണ്ടായില്ല)*
*(ഉറവിടം: എസ്പിഡി നൽകിയ വിശദാംശങ്ങൾ)*

ഫണ്ട് അനുവദിച്ച വർഷത്തിന് ആനുപാതികമായി, എസ്പിഡി ഫണ്ടുകളുടെ ഏകീകൃത വിനിയോഗത്തിന്റെ വിവരം നൽകിയിട്ടുണ്ടെങ്കിലും, ഫണ്ടുകളുടെ യഥാർത്ഥ

[79] 2017-19 കാലയളവിൽ 13 സ്ഥാപനങ്ങളെ റൂസ 1.0-ന് കീഴിൽ പിന്നീട് കൊണ്ടുവന്നു

[80] ₹67.68 കോടി കേന്ദ്ര വിഹിതം

വിനിയോഗം ഒന്നിലധികം വർഷങ്ങളിലായി വ്യാപിച്ചതായി ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി. ഇതിന്റെ കാരണം സംസ്ഥാന വിഹിതം എസ്പിഡിയ്ക്ക് ലഭിക്കുന്നതിൽ വന്ന കാലതാമസവും, എസ്പിഡിയിൽ നിന്നും സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ കൈമാറുന്നതിൽ വന്ന കാലതാമസവും, സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസവുമാണ്.

വിവിധ സാമ്പത്തിക വർഷങ്ങളിലായാണ് ഫണ്ട് അനുവദിക്കുന്നതെങ്കിലും, സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കിയല്ല, മറിച്ച് പദ്ധതി അടിസ്ഥാനത്തിലാണ് റൂസ ഫണ്ടുകൾ കണക്കാക്കുന്നതെന്ന് സർക്കാർ പ്രസ്താവിച്ചു. അതിനാൽ ഒരു സാമ്പത്തിക വർഷത്തിലെ റിലീസ് ഓർഡറിൽ റൂസയുടെ വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളിലേക്കുള്ള നിരവധി ഗഡുക്കളായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

റൂസയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ സ്ഥാപനങ്ങൾ പാലിക്കാതിരുന്നിട്ടും, ഖണ്ഡികകൾ 3.1.5, 3.1.8.4 എന്നിവയിൽ വിവരിച്ചിരിക്കുന്നതുപോലെ ഈ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചു.

പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന ഫണ്ട് മാനേജ്മെന്റ് സംവിധാനത്തിൽ നിന്നുള്ള കാര്യമായ വ്യതിയാനങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു, അവ ചുവടെ വിശദീകരിച്ചിരിക്കുന്നു.

### *3.1.7.3. ഫണ്ട് നിർവ്വഹണത്തിൽ നിന്ന് കെഎസ്എച്ച്ഇസി യെ ഒഴിവാക്കൽ*

റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാന തലത്തിൽ, എസ്എച്ച്ഇസി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിൽ നിന്നും ഫണ്ടുകൾ ക്രമപ്പെടുത്തേണ്ടതും അതോടൊപ്പം നിരീക്ഷണം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് പുറമേ ആസൂത്രണം, മൂല്യനിർണ്ണയം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടിയിരുന്നതുമാണ്. എസ്എച്ച്ഇസി ഒരു പ്രത്യേക ജോയിന്റ് ബാങ്ക് അക്കൗണ്ട് തുറക്കുകയും ഈ അക്കൗണ്ടിൽ നിന്ന് സ്ഥാപനങ്ങൾക്ക് ഫണ്ട് (കേന്ദ്ര, സംസ്ഥാന വിഹിതം) വിതരണം ചെയ്യുകയും വേണം. അതനുസരിച്ച്, റൂസയുടെ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി കെഎസ്എച്ച്ഇസി മെമ്പർ സെക്രട്ടറിയുടെയും ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെയും ജോയിന്റ് അക്കൗണ്ട് തുറക്കാൻ കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകി (2014 ജനുവരി). എന്നാൽ, സംയുക്തമായി ഒപ്പിടേണ്ടവരുടെ ലഭ്യതയില്ലായ്മ കാരണം ഫണ്ട് കൈമാറ്റം വൈകുന്നത് ചൂണ്ടിക്കാട്ടി, കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു അക്കൗണ്ടാക്കി മാറ്റാൻ കേരള സർക്കാർ അനുമതി നൽകി (2016 ആഗസ്റ്റ്), അതുവഴി കെഎസ്എച്ച്ഇസിയുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള പങ്ക് വെട്ടിക്കുറച്ചു.

ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ നിന്നും കെഎസ്എച്ച്ഇസിയെ ഒഴിവാക്കിയിട്ടില്ലെന്നും ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അതിരുകൾ നിർണ്ണയിക്കാൻ മാത്രമാണ് ശ്രമിച്ചതെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). സ്ഥാപനങ്ങളിലേക്ക് പണം നൽകുന്നതിന് സംയുക്തമായി ഒപ്പുവച്ചവർ എന്ന നിലയിൽ പദ്ധതി രൂപീകരണ അതോറിറ്റിയായ കെഎസ്എച്ച്ഇസിയും പദ്ധതി നിർവ്വഹണ അതോറിറ്റിയായ എസ്പിഡിയും തമ്മിലുള്ള പങ്കാളിത്ത ഉത്തരവാദിത്തത്തെ സൂചിപ്പിക്കുന്നതിനാൽ ഈ മറുപടി സ്വീകാര്യമല്ല. ഫണ്ട് റിലീസ് ചെയ്യാനുള്ള എല്ലാ അധികാരങ്ങളും ഒരു കക്ഷിയിൽ

നിക്ഷിപ്തമാക്കുന്നത് ഉത്തരവാദിത്തത്തിലും അധികാരത്തിലും വെള്ളംചേർക്കലും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനവുമാണ്.

### *3.1.7.4. ഫണ്ട് കൈമാറ്റൽ*

#### *എസ്പിഡിക്ക് സംസ്ഥാന വിഹിതം അനുവദിക്കുന്നതിലും സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിലും വന്ന കാലതാമസം*

റൂസ 1.0, 2.0 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, കേന്ദ്ര വിഹിതം ലഭിച്ച് 15 ദിവസത്തിനുള്ളിൽ എസ്എച്ച്ഇസി യുടെ പ്രത്യേക റൂസ സേവിംഗ്സ് അക്കൗണ്ടിലേക്ക് കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാനങ്ങൾ അവരുടെ വിഹിതം നൽകണം. എസ്എച്ച്ഇസിന് ലഭിച്ച ഫണ്ടുകൾ, സംസ്ഥാന സർക്കാരിൽ നിന്ന് സംയോജിത ഫണ്ടുകൾ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സ്ഥാപനങ്ങളുടെ റൂസ അക്കൗണ്ടിലേക്ക് മാറ്റണം. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ കേന്ദ്രത്തിന് കേരള സർക്കാർ പ്രതിവർഷം 1.50 ശതമാനം പലിശ നൽകേണ്ടി വരും.

എസ്പിഡിക്ക് സംസ്ഥാന വിഹിതം അനുവദിക്കുന്നതിലെ കാലതാമസം 19 മുതൽ 359 ദിവസം വരെയാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, ഇത് ₹1.26 കോടി പലിശ ബാധ്യതയ്ക്ക് കാരണമായി. ഇത് ചുവടെയുള്ള **പട്ടിക 3.4-ൽ** നിന്ന് വ്യക്തമാണ്.

**പട്ടിക 3.4: സംസ്ഥാന വിഹിതം അനുവദിക്കുന്നതിലെ കാലതാമസം പലിശ ബാധ്യതയ്ക്ക് കാരണമായതിന്റെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | കേന്ദ്ര വിഹിതം അനുവദിച്ച തീയതി | തുക (₹) | എസ്പിഡിയിലേക്ക് സംസ്ഥാന വിഹിതം അനുവദിച്ച തീയതി | തുക (₹) | 15 ദിവസത്തിൽ കൂടുതൽ വിഹിതം വൈകിയത് | പ്രതിവർഷം 1.5 ശതമാനം പലിശയിനത്തിൽ നൽകേണ്ടത് |
|---|---|---|---|---|---|---|
| 1 | 31.03.2014 | 26260000 | 18.02.2015 | 14000000 | 309 | 333466.03 |
| 2 | 18.06.2015 | 77187500 | 06.10.2015 | 41562500 | 95 | 301348.46 |
| 3 | 01.02.2016 | 30000000 | 30.03.2016 | 20000000 | 43 | 53013.70 |
| 4 | 15.06.2016 | 437250000 | 17.10.2016 | 291500000 | 109 | 1958640.41 |
| 5 | 17.11.2016 | 27664000 | 21.03.2017 | 18442667 | 109 | 123919.56 |
| 6 | 28.03.2017 | 138000000 | 29.07.2017 | 92000000 | 108 | 612493.15 |
| 7 | 22.02.2018 | 134830500 | 30.04.2018 | 89887000 | 52 | 288130.93 |
| 8 | 27.06.2018 | 595500000 | 18.01.2019 | 447000000 | 190 | 4649794.521 |
| 9 | 28.08.2018 | 75000000 | 18.01.2019 | | 128 | 394520.55 |
| 10 | 18.12.2018 | 153000000 | 11.10.2019 | 102000000 | 282 | 1773123.29 |
| 11 | 11.04.2019 | 114000000 | 04.10.2019 | 76000000 | 161 | 754273.97 |
| 12 | 30.09.2019 | 30000000 | 08.10.2020 | 20000000 | 359 | 442602.74 |
| 13 | 28.06.2021 | 81458757 | 30.10.2021 | 54305837 | 109 | 389712.33 |
| 14 | 29.12.2022 | 674035000 | 01.02.2023 | 449357000 | 19 | 526301.30 |
| | | | | | **ആകെ** | **12601340.94** |

*(ഉറവിടം: എംഎച്ച്ആർഡിയുടെയും സംസ്ഥാനത്തിന്റെയും ഫണ്ട് റിലീസ് ഉത്തരവുകൾ)*

ഫണ്ട് അനുവദിക്കുന്നതിലെ നീണ്ട കാലതാമസം ന്യായീകരിക്കാനാവില്ല, കാരണം ഇത് എസ്പിഡിയിൽ നിന്ന് സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നു.

തെരഞ്ഞെടുത്ത 16 സ്ഥാപനങ്ങൾക്ക് ആദ്യ ഗഡു വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ, താഴെയുള്ള **പട്ടിക 3.5**-ൽ

വിവരിച്ചിരിക്കുന്ന പ്രകാരം 10 സ്ഥാപനങ്ങളിൽ 82 മുതൽ 682 ദിവസം വരെ കാലതാമസം നേരിട്ടതായി കണ്ടെത്തി.

**പട്ടിക 3.5: എസ്പിഡിയിൽ നിന്ന് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലേക്ക് ഫണ്ട് കൈമാറുന്നതിലെ കാലതാമസത്തിന്റെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനം | എസ്പിഡിയിൽ ഫണ്ട് ലഭിച്ച തീയതി | സ്ഥാപനത്തിലേക്ക് നൽകിയ തീയതി | കാലതാമസം ദിവസങ്ങളിൽ |
|---|---|---|---|---|
| 1 | ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ (എച്ച്ആർഡിസി) | 30.03.2016 | 01.02.2017 | 293 |
| 2 | സർക്കാർ കോളേജ്, തൃപ്പൂണിത്തുറ | 08.10.2020 | 13.01.2021 | 82 |
| 3 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി | 18.01.2019 | 14.06.2019 | 132 |
| 4 | എൻഎസ്എസ് ട്രെയിനിങ് കോളേജ്, ഒറ്റപ്പാലം | 11.10.2019 | 20.11.2020 | 391 |
| 5 | ശ്രീശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര | 18.01.2019 | 20.11.2020 | 657 |
| 6 | പികെഎം കോളേജ് ഓഫ് എഡ്യൂക്കേഷൻ, മടമ്പം, കണ്ണൂർ | 11.10.2019 | 20.11.2020 | 391 |
| 7 | എച്ച്എച്ച്എംഎസ്പിബിഎൻഎസ്എസ് കോളേജ് ഫോർ വിമൻ, നീറമൺകര | 18.01.2019 | 11.12.2020 | 678 |
| 8 | സർക്കാർ ആർട്സ് കോളേജ്, തിരുവനന്തപുരം | 18.01.2019 | 20.11.2020 | 657 |
| 9 | ടി എം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന് | 08.10.2020 | 23.01.2021 | 92 |
| 10 | സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ | 18.01.2019 | 15.12.2020 | 682 |

*(ഉറവിടം: എസ്പിഡിയുടെ ഫണ്ട് റിലീസ് ഓർഡറുകൾ)*

സർക്കാർ നൽകിയ മറുപടിയിൽ, സംസ്ഥാന വിഹിതം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായത് നടപടിക്രമപരമായി കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമായ കേസുകളിൽ ആണെന്നും സൂചിപ്പിച്ച കാലതാമസത്തിന് പലിശ ഈടാക്കുന്നില്ലെന്നും പ്രസ്താവിച്ചു (2024 ഏപ്രിൽ). റൂസ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ അവരുടെ ഡിപിആറുകൾ എന്ന് കണ്ടെത്തിയതിന് ശേഷമാണ് വ്യക്തിഗത സ്ഥാപനങ്ങളിലേക്ക് ഫണ്ടുകൾ കൈമാറിയതെന്നതും കാലതാമസത്തിനു കാരണമായി.

സ്ഥാപനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം ലക്ഷ്യങ്ങൾ യഥാസമയം കൈവരിക്കുന്നതിനും പദ്ധതികൾ പൂർത്തീകരിക്കുന്നതിനും തടസ്സമാകുമെന്നതിനാൽ ഫണ്ട് കൈമാറ്റത്തിലെ കാലതാമസം പരിശോധിക്കാൻ സർക്കാരിന് നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ, ഖണ്ഡിക 3.1.5-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതു പോലെ, സ്ഥാപനങ്ങൾ അവരുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കാനും അവയ്ക്ക് സമയബന്ധിതമായി അംഗീകാരം നേടാനും നിർദ്ദേശിക്കണം.

### *3.1.7.5. ഫണ്ടുകളുടെ വിനിയോഗം*

താഴെയുള്ള ഖണ്ഡികകളിൽ കാണുന്നത് പോലെ, സംസ്ഥാന തലത്തിലും സ്ഥാപന തലത്തിലും ഫണ്ട് വിനിയോഗത്തിലെ കുറവുകൾ ഓഡിറ്റ് ശ്രദ്ധിച്ചു:

### ഭൗതിക പരിശോധന നടത്തുന്നതിൽ കാലതാമസം നേരിട്ടതിനാൽ ഫണ്ട് അനുവദിക്കുന്നതിലുണ്ടായ കാലതാമസം

പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ തത്വങ്ങൾ പ്രകാരം ഫണ്ടിംഗ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്നും മുൻകാല നേട്ടങ്ങളുടെ നിലവാരം, എംഎച്ച്ആർഡിക്ക് സമർപ്പിച്ച ഫണ്ടുകളുടെ വിനിയോഗ നില എന്നിവയുടെ അടിസ്ഥാനത്തിലാണ് ഭാവി ഗ്രാന്റുകൾ അനുവദിക്കുന്നതെന്നും വ്യവസ്ഥ ചെയ്യുന്നു. എംഎച്ച്ആർഡി 50:25:25 എന്ന അനുപാതത്തിൽ മൂന്ന് ഗഡുക്കളായാണ് സംസ്ഥാനത്തിന് ഗ്രാന്റുകൾ അനുവദിക്കുന്നത്. കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനു വേണ്ടി സ്ഥാപനങ്ങളെ പരിഗണിക്കുന്നതിന്, ലഭിച്ച ഫണ്ടിന്റെ 75 ശതമാനത്തിലധികം വിനിയോഗിക്കണമെന്ന് എംഎച്ച്ആർഡി ഊന്നിപ്പറഞ്ഞു. ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ടിഎസ്ജി)[81] നടത്തിയ ഫിസിക്കൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് (പിഐആർ) സംസ്ഥാനം പിഎബിയ്ക്ക് സമർപ്പിച്ചാൽ മാത്രമേ കേന്ദ്ര വിഹിതത്തിന്റെ അന്തിമ ഗഡുവായി 25 ശതമാനം നൽകൂ.

പിഎബിയുടെ തീരുമാനമനുസരിച്ച്, റൂസ 1.0, 2.0 എന്നിവ നടപ്പിലാക്കുന്നതിനായി 2013-23 കാലയളവിൽ ₹565.57 കോടി സംസ്ഥാനത്തിന് അനുവദിച്ചു. 2023 മാർച്ച് വരെ, എസ്പിഡിക്ക് ₹433.28 കോടി (കേന്ദ്ര, സംസ്ഥാന വിഹിതം) ലഭിച്ചു, നയത്തിൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാനം 75 ശതമാനത്തിൽ കൂടുതൽ ഫണ്ട് വിനിയോഗിക്കാത്തതിനാൽ/ പിഐആർ സമർപ്പിക്കാത്തതിനാൽ ₹77.75 കോടി ഇനിയും ലഭിച്ചിട്ടില്ല. ലഭിക്കേണ്ട തുകയിൽ റൂസ 1.0 പ്രകാരമുള്ള ഒമ്പത് സ്ഥാപനങ്ങളിലെ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ₹ ആറ് കോടിയും റൂസ 2.0 പ്രകാരമുള്ള 120 സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ₹71.75 കോടിയുമായിരുന്നു.

ഈ 129 സ്ഥാപനങ്ങളിൽ, 2023 ജൂലൈ വരെയുള്ള കണക്കുപ്രകാരം 78 സ്ഥാപനങ്ങൾ ലഭിച്ച ഫണ്ടിന്റെ 75 ശതമാനത്തിലധികം വിനിയോഗിച്ചിട്ടുണ്ടെന്നും ടിഎസ്ജിയുടെ ഭൗതിക പരിശോധന നടത്താൻ അർഹതയുള്ളതാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഈ 78 സ്ഥാപനങ്ങളിൽ 10 എണ്ണത്തിൽ മാത്രമേ ടിഎസ്ജി ഭൗതിക പരിശോധന നടത്തിയിട്ടുള്ളൂ. കൂടാതെ, ശേഷിക്കുന്ന 51 സ്ഥാപനങ്ങൾ ഇതുവരെ 75 ശതമാനത്തിലധികം ഫണ്ട് വിനിയോഗിച്ചിട്ടില്ല.

2023 അവസാനത്തോടെ 78 സ്ഥാപനങ്ങളിൽ ഭൗതിക പരിശോധന നടത്തിയെന്നും, അതിന്റെ അടിസ്ഥാനത്തിൽ 2023 ഡിസംബർ 30-ന് ഫണ്ടിനായുള്ള നിർദ്ദേശങ്ങൾ ഭാരത സർക്കാരിന് സമർപ്പിച്ചുവെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). എന്നിരുന്നാലും, പി.ഐ.ആർ സമർപ്പിക്കുന്നതിലേയും 75 ശതമാനം ഫണ്ട് വിനിയോഗിക്കുന്നതിലുമുണ്ടായ കാലതാമസം കാരണം സംസ്ഥാന, കേന്ദ്ര വിഹിതങ്ങളിലെ അന്തിമ ഗഡു ഇതുവരെ ലഭിച്ചിട്ടില്ല (2023 മാർച്ച്).

### ഉന്നത വിദ്യാഭ്യാസത്തിനായുള്ള ചെലവും ജിഎസ്ഡിപിയും

റൂസ 1.0-ന്റെ മുൻവ്യവസ്ഥകളിലൊന്ന്, സംസ്ഥാന സർക്കാർ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കുള്ള ചെലവ് ജിഎസ്ഡിപി[82]-യുടെ രണ്ട് ശതമാനമായി ക്രമേണ

---

[81] ടിഎസ്ജിയുടെ ഘടകാംഗങ്ങളെ തീരുമാനിക്കുന്നതും നിയമിക്കുകയും ചെയ്യുന്നത് സംസ്ഥാന കൗൺസിലാണ് (സംസ്ഥാനത്തെ എസ്പിഡി)

[82] സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ, ഒരു നിശ്ചിത കാലയളവിൽ, സാധാരണയായി ഒരു വർഷത്തിനുള്ളിൽ, ഉൽപ്പാദിപ്പിക്കുന്ന എല്ലാ പൂർത്തീകരിച്ച ചരക്കുകളുടെയും സേവനങ്ങളുടെയും ആകെത്തുകയെയാണ് മൊത്ത സംസ്ഥാന ആഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) എന്ന് വിളിക്കുന്നത്. ഇത് സാമ്പത്തികപരമായിട്ടാണ് അളക്കുന്നത്.

വർദ്ധിപ്പിക്കണം എന്നായിരുന്നു. റൂസ 2.0-ന് കീഴിൽ ധനസഹായത്തിന് അർഹരാവുന്നതിന് സംസ്ഥാന സർക്കാർ ഭാരത സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി (എംഎച്ച്ആർഡി) ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതാണ്.

റൂസ 1.0 പ്രകാരം കേരള സർക്കാരിന് ഫണ്ട് ലഭിച്ചിരുന്നതിനാൽ, ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ് വർദ്ധിപ്പിക്കാൻ സംസ്ഥാനം ബാധ്യസ്ഥരാണ്. കൂടാതെ, സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ് മേധാവിയും റൂസ നാഷണൽ മിഷൻ ഡയറക്ടറും തമ്മിൽ (2018 മേയ്) ഒപ്പുവച്ച ധാരണാപത്രത്തിൽ, 2020 മാർച്ചോടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ് ജിഎസ്ഡിപിയുടെ രണ്ട് ശതമാനമായിയെങ്കിലും ഉയർത്തുമെന്ന് ഉറപ്പുനൽകിയിരുന്നു.

എന്നാൽ, **പട്ടിക 3.6**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, 2018-23 കാലയളവിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള യഥാർത്ഥ ചെലവ് സംസ്ഥാനത്തെ ജിഎസ്ഡിപിയുടെ 0.44 ശതമാനം മുതൽ 0.51 ശതമാനം വരെയാണ് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 3.6: 2018-23 കാലയളവിൽ ഉന്നത വിദ്യാഭ്യാസത്തിനായുള്ള സംസ്ഥാനത്തിന്റെ ആകെ ചെലവ്**

| വർഷം | സംസ്ഥാനത്തിന്റെ ജിഎസ്ഡിപി *(₹ കോടിയിൽ)* | ജിഎസ്ഡിപിയുടെ രണ്ട് ശതമാനം *(₹ കോടിയിൽ)* | ഉന്നത വിദ്യാഭ്യാസത്തിനുള്ള യഥാർത്ഥ ചെലവ് *(₹ കോടിയിൽ)* | ചെലവ് ശതമാനത്തിൽ |
|---|---|---|---|---|
| 2018-19 | 554228.32 | 11084.57 | 2691.67 | 0.48 |
| 2019-20 | 559194.17 | 11183.89 | 2462.40 | 0.44 |
| 2020-21 | 518205.90 | 10364.12 | 2433.28 | 0.46 |
| 2021-22 | 584410.34 | 11688.21 | 3017.64 | 0.51 |
| 2022-23 | 622397.72 | 12447.96 | 3088.11 | 0.49 |

*(ഉറവിടം: ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, കേരള സർക്കാർ, വിഎൽസി കണക്കുകൾ എന്നിവയിൽ നിന്ന് ശേഖരിച്ച വിശദാംശങ്ങൾ)*

അതിനാൽ, പദ്ധതി പ്രകാരം വിഭാവനം ചെയ്തതുപോലെ, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള ചെലവ് സർക്കാർ വർദ്ധിപ്പിച്ചില്ല.

ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ജിഎസ്ഡിപിയുടെ രണ്ട് ശതമാനം അനുവദിക്കുന്നത് വെല്ലുവിളി നിറഞ്ഞ കാര്യമാണെന്നും ഇക്കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

### 3.1.8. പദ്ധതികളുടെ നടത്തിപ്പിലെ പോരായ്മകൾ

പരിശോധന നടത്തിയ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിലും വിനിയോഗിക്കുന്നതിലുമുള്ള പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു. അവ താഴെ വിവരിച്ചിരിക്കുന്നു:

#### *3.1.8.1. പദ്ധതികൾ അന്തിമമാക്കാത്തതിന്റെ ഫലമായി ഫണ്ട് വിനിയോഗിക്കാൻ കഴിയാതിരുന്നത്*

തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജിന് ₹ രണ്ട് കോടിയ്ക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റ് ലഭിക്കുന്നതിന് വേണ്ടി മൂന്ന് പ്രവൃത്തികൾ അടങ്ങിയ ഡിപിആർ[83] എസ്പിഡിക്ക്

[83] നിർമ്മാണ ഘടകം - വരാനിരിക്കുന്ന ക്യാമ്പസിൽ കോളേജ് കാന്റീൻ നിർമ്മാണത്തിന് ₹ ഒരു കോടി, വാങ്ങൽ ഘടകം- 80 ലക്ഷം, ക്യാമ്പസ് സൗന്ദര്യവൽക്കരണവും പരിപാലനവും ഘടകം – ജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ 20 ലക്ഷം.

സമർപ്പിച്ചു (2021 ജനുവരി). കിഫ്ബി[84] ഫണ്ട് ഉപയോഗിച്ച് കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (കിറ്റ്കോ) പുതിയ ക്യാമ്പസിൽ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നിടത്ത് കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി മേൽപ്പറഞ്ഞതിൽ നിന്ന് ₹ ഒരു കോടി അനുവദിക്കുകയുണ്ടായി (2021 ജനുവരി). റൂസ യുടെ സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്ററായിരുന്ന ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷനും (ഡിസിഇ) പ്ലാനിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും കോളേജ് 2021 ആഗസ്റ്റിൽ എസ്പിഡി-ക്ക് പരിഷ്കരിച്ച പ്ലാൻ സമർപ്പിക്കുകയും ചെയ്തു.

അതിനിടെ, 2021[85] മാർച്ചിൽ പുറപ്പെടുവിച്ച സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച്, നിർമ്മാണത്തിനായി അനുവദിച്ച ₹ ഒരു കോടി 2021 ഒക്ടോബറിൽ എസ്പിഡിയുടെ അക്കൗണ്ടിലേക്ക് തിരികെ ക്രെഡിറ്റ് ചെയ്തു. കാന്റീനുള്ള പ്ലാനിന്റെ അംഗീകാരം എസ്പിഡി യിൽ തീർപ്പുകൽപ്പിക്കാതെ നിൽക്കെ കോളേജ് അക്കാദമിക് ബ്ലോക്കിന്റെ മൂന്നാം നിലയിൽ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ പ്ലാൻ സമർപ്പിക്കുകയും (2022 ജനുവരി) അതിനായി 2022 മാർച്ചിൽ എസ്പിഡി അനുമതി നൽകിയെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, ഫണ്ട് അപര്യാപ്തമായതിനാൽ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ പ്രവൃത്തി നിർവഹിക്കാൻ തയ്യാറായില്ല. തുടർന്ന്, കോളേജ് മറ്റൊരു പ്രോജക്ടായ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനുവേണ്ടി അനുമതി തേടുകയും (2022 മേയ്), എന്നാൽ ചതുപ്പുനിലമായതിനാൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് അധിക ചെലവ് ആവശ്യമായി വരുമെന്ന് പ്രസ്താവിച്ചുകൊണ്ട് അത് 2023 ജൂണിൽ പിൻവലിച്ചു.

ഒറിജിനൽ ഡിപിആർ അംഗീകരിച്ച് മൂന്ന് വർഷത്തിന് ശേഷവും, നടപ്പിലാക്കേണ്ട പദ്ധതിയെക്കുറിച്ച് കോളേജിന് തീരുമാനമെടുക്കാൻ കഴിഞ്ഞില്ലെന്നും ഒന്നിലധികം സാധ്യതകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. സ്ഥാപനത്തിന്റെ യഥാർത്ഥ ആവശ്യകത തിരിച്ചറിയുന്നതിനുള്ള ഫലപ്രദമായ ആസൂത്രണവും സാധ്യതാ പഠനങ്ങളും ഇല്ലാത്തതിനാൽ, പ്രായോഗികമല്ലാത്ത വിവിധ നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെടുകയും, അനുവദിച്ച ഫണ്ട് വിനിയോഗിക്കാതെയിരിക്കുകയും ചെയ്തു. കൂടാതെ, വാങ്ങൽ, ക്യാമ്പസ് സൗന്ദര്യവൽക്കരണം, ജലശുദ്ധീകരണ പ്ലാന്റിന്റെ അറ്റകുറ്റപ്പണി, സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട ഘടകങ്ങളും ഏറ്റെടുത്തില്ല.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയമപരമായ സ്ഥാപനങ്ങളിൽ നിന്ന് അനുമതി ലഭിക്കുന്നത്, ഉയർന്ന നിർമ്മാണച്ചെലവ് മുതലായവയാണ് പദ്ധതി വൈകിപ്പിച്ചതെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ക്ലാസ് മുറികളുടെ നിർമ്മാണം, നവീകരണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി കോളേജ് സമർപ്പിച്ച (2023 ഒക്ടോബർ) പുതിയ നിർദ്ദേശത്തിന് എസ്പിഡി (2023 ഡിസംബർ) ₹ രണ്ട് കോടിയുടെ ഭരണാനുമതി നൽകിയതായും പദ്ധതി എത്രയും വേഗം ആരംഭിക്കുമെന്നും അറിയിച്ചു. കോളേജ് പുതിയ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നത് തുടരുന്നതിനാൽ നടപ്പിലാക്കേണ്ട

---

[84] കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

[85] കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട്, ഭാരത സർക്കാർ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നിലവിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനും അക്കൗണ്ടുകളിൽ കിടക്കുന്ന പണം എസ്പിഡിയുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് മാറ്റാനും എസ്പിഡി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി (2021 ആഗസ്റ്റ്)

പദ്ധതി അന്തിമമാക്കുന്നതിൽ കോളേജിന് കഴിയാത്തതിനെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണം മറുപടിയിൽ സ്ഥിരീകരിക്കുന്നു.

### 3.1.8.2. പ്രിപ്പറേറ്ററി ഗ്രാന്റുകളിൽ നിന്നുള്ള നിഷ്ഫലമായ ചെലവ്

സംസ്ഥാനത്ത് റൂസ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി എസ്എച്ച്ഇസി, എസ്പിഡി, ടിഎസ്ജി തുടങ്ങിയ സ്ഥാപന ഘടനകൾ തുടരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാരിന് (2014 ഫെബ്രുവരി മുതൽ 2017 മാർച്ച് വരെ) റൂസ 1.0 - ന്റെ കീഴിൽ പ്രിപ്പറേറ്ററി ഗ്രാന്റായി ₹ എട്ട് കോടി ലഭിച്ചു. പ്രിപ്പറേറ്ററി ഗ്രാന്റുകൾ ഉപയോഗപ്പെടുത്താനും വിനിയോഗ സാക്ഷ്യപത്രം 2016 മാർച്ച് 31-നകം സമർപ്പിക്കാനും എംഎച്ച്ആർഡി (2016 ജനുവരി) സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു.

ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ (2016 ഫെബ്രുവരി) നിർദ്ദേശങ്ങൾ അനുസരിച്ച് വീഡിയോ കോൺഫറൻസിംഗ് (വിസി) സൗകര്യം[86] നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെൽട്രോൺ) നിന്നു എസ്.പി.ഡി നിർദ്ദേശം ക്ഷണിച്ചു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 30 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ഡയറക്ടറേറ്റ് ഓഫ് കൊളീജിയറ്റ് എജ്യുക്കേഷനിലും ₹1.24 കോടി ചെലവിൽ ഈ സൗകര്യം നടപ്പിലാക്കുന്നതിനായി കെൽട്രോൺ വിശദമായ പ്രോജക്ട് നിർദ്ദേശം എസ്പിഡി-യ്ക്ക് സമർപ്പിച്ചു (2016 ഫെബ്രുവരി). വീഡിയോ കോൺഫറൻസിംഗ് ഉപകരണങ്ങൾ എത്തിക്കുന്നതും പ്രവർത്തനയോഗ്യമാക്കുന്നതും ആറ് മുതൽ ഏഴ് ആഴ്ചകൾക്കുള്ളിൽ പൂർത്തിയാക്കാൻ തീരുമാനിക്കുകയും ഉപകരണങ്ങളുടെ വാറന്റി മൂന്ന് വർഷമായി നിശ്ചയിക്കുകയും ചെയ്തു. എസ്.പി.ഡി കെൽട്രോണിന് (2016 ഫെബ്രുവരി) വർക്ക് ഓർഡർ നൽകുകയും കെൽട്രോൺ ₹1.24 കോടിയുടെ ഇൻവോയ്സ് സമർപ്പിക്കുകയും ചെയ്തു (2016 മാർച്ച്). എസ്.പി.ഡി തുക രണ്ട് ഗഡുക്കളായി മാർച്ച് 2016-ൽ തന്നെ നൽകുകയും അതേ മാസം വിനിയോഗ സാക്ഷ്യപത്രം എംഎച്ച്ആർഡിക്ക് സമർപ്പിക്കുകയും ചെയ്തു.

കെൽട്രോൺ ഒരു വർഷത്തെ കാലതാമസത്തിന് ശേഷം (2017 മാർച്ച്) 31 സ്ഥലങ്ങളിൽ ഹാർഡ്വെയറും ഉപകരണങ്ങളും വിതരണം ചെയ്തു. എന്നിരുന്നാലും, 31 സ്ഥലങ്ങളിൽ ഒരേസമയം വീഡിയോ കോൺഫറൻസിങ് യാഥാർത്ഥ്യമായില്ല. കൂടാതെ, ആവശ്യമായ ബാൻഡ്വിഡ്ത്ത് (അതായത് 40-50 എംബിപിഎസ്) ലഭ്യമല്ലാത്തതിനാൽ മാസ്റ്റർ കൺട്രോൾ യൂണിറ്റ് (എം.സി.യു)[87] ഡയറക്ടറേറ്റിൽ സ്ഥാപിക്കാൻ കഴിയാതെ വരികയും രണ്ട് വർഷങ്ങൾക്കു ശേഷം തിരുവനന്തപുരത്തെ സ്റ്റേറ്റ് ഡാറ്റാ സെന്ററിലേക്ക് പുനഃസ്ഥാപിക്കേണ്ടി വരികയും ചെയ്തു.

വീഡിയോ കോൺഫറൻസിംഗിന്റെ കണക്ടിവിറ്റി പ്രശ്നങ്ങൾ മൂലം പുതിയ പ്രോഗ്രാമുകൾ ഏറ്റെടുക്കാൻ കഴിയാത്തതിനെ കുറിച്ച് ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ (ഡി.സി.ഇ) (2019 ജൂൺ) എസ്.പി.ഡി - യെ അറിയിച്ചതായും സിസ്റ്റം പ്രവർത്തനക്ഷമമാക്കാൻ കെൽട്രോണിനോട് അഭ്യർത്ഥിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു.

---

[86] എൻഡ് പോയിന്റ് ക്യാമറയും റിമോട്ടും, സ്പീക്കർ, മൈക്കുള്ള ചാനൽ മിക്സർ, ഡിസ്പ്ലേ മുതലായ ആറ് ഇനങ്ങൾ ഉൾപ്പെടുന്നു

[87] ഒന്നിലധികം വീഡിയോ കോൺഫറൻസിംഗ് സിസ്റ്റങ്ങൾക്കിടയിൽ ഗ്രൂപ്പ് വീഡിയോ കോൺഫറൻസുകൾ നടത്താൻ സഹായിക്കുന്ന ഒരു വീഡിയോ ട്രാൻസ്കോഡിംഗ് ഉപകരണമാണ് എംസിയു. ഒരു വീഡിയോ കോൺഫറൻസ് കോളിന്റെ വ്യത്യസ്ത എൻഡ്പോയിന്റുകളിൽ നിന്ന് ലഭിക്കുന്ന മീഡിയ പോയിന്റുകൾ തത്സമയം മിക്സ് ചെയ്താണ് ഇത് പ്രവർത്തിക്കുന്നത്.

എന്നാൽ, 22 സ്ഥലങ്ങളിലേത് മാത്രമാണ് കെൽട്രോണിന് ബന്ധിപ്പിക്കാനായത്. ആറ് സ്ഥലങ്ങളിൽ ഉപകരണങ്ങൾ തകരാറിലാവുകയും ബാക്കി മൂന്ന് സ്ഥലങ്ങളിൽ ഇന്റർനെറ്റ് പ്രോട്ടോക്കോൾ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. കെൽട്രോൺ ബന്ധിപ്പിച്ചതായി അവകാശപ്പെടുന്ന 22 ലൊക്കേഷനുകളിൽ പോലും വൺവേ കണക്ടിവിറ്റി മാത്രമേ സ്ഥാപിക്കാനാകൂ എന്ന് ഡി.സി.ഇ (2022 സെപ്റ്റംബർ) ചൂണ്ടിക്കാട്ടി.

31 വിസി ലൊക്കേഷനുകൾ എം.സി.യു വഴി പരിശോധിക്കുന്നതിനുള്ള തീയതി നിർദ്ദേശിക്കാൻ ഡി.സി.ഇ 2022 ഡിസംബറിൽ കെൽട്രോണിനോട് അഭ്യർത്ഥിച്ചു. എന്നാൽ, പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ മോശം അവസ്ഥയും കേടായ ഉപകരണങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് മാറ്റിസ്ഥാപിക്കാൻ കഴിയാത്തതും കാരണം ടെസ്റ്റ് നടത്താൻ കഴിയില്ലെന്ന് കെൽട്രോൺ അറിയിച്ചു. ഇതുവരെ സ്ഥാപിച്ച വി.സി പുനഃസംഘടിപ്പിക്കാൻ എസ്.പി.ഡി നൽകിയ അഭ്യർത്ഥനയ്ക്ക് മറുപടിയായി പ്രോജക്ടിന്റെ ഭാഗമായ എല്ലാ ഹാർഡ്‌വെയർ ഘടകങ്ങളും കാലഹരണപ്പെട്ടുവെന്നും വാറന്റി കഴിഞ്ഞതുമാണെന്നും അതിനാൽ തുടർസഹായം നൽകാൻ കഴിയില്ലെന്നും കെൽട്രോൺ അറിയിച്ചു (2023 ജൂലൈ). എസ്പിഡി ഓഡിറ്റിന് സമർപ്പിച്ച (2024 ജനുവരി) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വിസി സിസ്റ്റം സ്ഥാപിച്ച 22 സ്ഥലങ്ങളിൽ 19 സ്ഥലങ്ങളിലും സിസ്റ്റത്തിന്റെ ഒരു ഘടകമെങ്കിലും തകരാറിലായതിനാൽ അത് മാറ്റിസ്ഥാപിക്കേണ്ട അവസ്ഥയിലാണ്.

അങ്ങനെ മുഴുവൻ തുകയും നൽകി ഏഴാഴ്ചയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ള ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടിട്ടും കെൽട്രോൺ, ഏഴ് വർഷത്തിന് ശേഷവും പദ്ധതി പൂർത്തിയാക്കുന്നതിലും 31 സ്ഥലങ്ങളുടെ ഏകീകരണം കൈവരിക്കുന്നതിലും പരാജയപ്പെട്ടു. എല്ലാ സ്ഥലങ്ങളും സംയോജിപ്പിക്കാത്തതിനാൽ, മീറ്റിംഗുകൾ, പരിശീലന പരിപാടികൾ, കൊളീജിയറ്റ് എജ്യുക്കേഷൻ പ്രോഗ്രാമുകളുടെ ഓൺലൈൻ റിസോഴ്സ് സംരംഭങ്ങൾ എന്നിവ വിഭാവനം ചെയ്തതുപോലെ ഓൺലൈനിൽ നടത്താനായില്ല. 31 സ്ഥലങ്ങളിലെ വിസി സൗകര്യങ്ങളുടെ സംയോജനം പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്താതെ എസ്പിഡി മുഴുവൻ തുകയും കെൽട്രോണിലേക്ക് അടച്ചതുമൂലം ₹1.24 കോടിയുടെ ചെലവ് നിഷ്ഫലമായി. കെൽട്രോണിന്റെ പക്കൽ ഫണ്ട് ഉണ്ടായിരുന്നിട്ടും, ഫണ്ട് ചെലവഴിച്ചതായി കാണിച്ച് കേരള സർക്കാർ ഭാരത സർക്കാരിന് വിനിയോഗ സാക്ഷ്യപത്രം നൽകി.

കെൽട്രോൺ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായതിനാൽ 31 സ്ഥലങ്ങളിലെയും വിസി സൗകര്യത്തിന്റെ സംയോജനം കൂടുതൽ കാലതാമസം വരുത്താതെ പൂർത്തിയാക്കാൻ കെൽട്രോണിനോട് നിർദേശിക്കാൻ വകുപ്പിനോട് അഭ്യർത്ഥിച്ചതായും അല്ലാത്ത പക്ഷം തെറ്റ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

### *3.1.8.3. വയനാട്ടിൽ ന്യൂ മോഡൽ ഡിഗ്രി കോളേജ് സ്ഥാപിക്കാത്തത്*

റൂസ 2.0 യുടെ അഞ്ചാമത്തെ ഘടകത്തിന് കീഴിൽ, വയനാട് ജില്ലയിൽ ഒരു ന്യൂ മോഡൽ ഡിഗ്രി കോളേജ് (എൻഎംഡിസി) സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് (2018 ജൂലൈ) പിഎബി-യുടെ അംഗീകാരം ലഭിച്ചു. നിർമ്മാണത്തിനായി ഭൂമി കൈമാറുന്നതും സമ്പൂർണ്ണ ഡിപിആർ സമർപ്പിക്കുന്നതും ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങളും മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ (2018 ജൂലൈ) സംസ്ഥാന സർക്കാരിനോട് എംഎച്ച്ആർഡി നിർദ്ദേശിച്ചു. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ പെരിയ വില്ലേജിൽ ആരോഗ്യ കുടുംബക്ഷേമ

വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ ഭൂമി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകുകയും (2019 ജനുവരി) കോളേജ് നിർമ്മിക്കുന്നതിനായി ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ചെയ്തു (2020 ജൂലൈ).

എൻഎംഡിസി-യുടെ ഡിപിആർ തയ്യാറാക്കുന്നതിനുള്ള ചുമതല എസ്.പി.ഡി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (കെഎസ്ഐറ്റിഐഎൽ) ഏൽപ്പിച്ചു (2019 ഏപ്രിൽ). ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ, ഭൂമിയുടെ അനുയോജ്യത ഉറപ്പാക്കാതെ കെഎസ്ഐറ്റിഐഎൽ) എസ്.പി.ഡി-യ്ക്ക് ഡിപിആർ സമർപ്പിച്ചതായി (2019 മേയ്) ശ്രദ്ധയിൽപ്പെട്ടു. എസ്.പി.ഡി ഡിപിആർ എംഎച്ച്ആർഡി-ക്ക് കൈമാറി (2019 മേയ്). സ്ഥലത്തിന്റെ പരിസരത്ത് ഇടയ്ക്കിടെ മണ്ണിടിച്ചിലുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ, നിർദ്ദിഷ്ട ഭൂമി നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് ഉറപ്പാക്കാൻ കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെ (എൻഐറ്റി) ഏൽപ്പിക്കാൻ തീരുമാനിച്ചു[88] (2019 സെപ്റ്റംബർ). ചെങ്കുത്തായതും ചെളിനിറഞ്ഞ കളിമണ്ണ് ആയതിനാലും ഭൂമി കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് എൻഐറ്റി റിപ്പോർട്ട് ചെയ്തു (2019 ഒക്ടോബർ). മേൽപ്പറഞ്ഞ വസ്തുത 2019 നവംബറിൽ ജില്ലാ കളക്ടർ എസ്.പി.ഡി-യെ അറിയിച്ചിരുന്നു. ഡിപിആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ഫീസായി ₹14.51 ലക്ഷം കെഎസ്ഐറ്റിഐഎൽ -ന് നൽകിയതായി (2023 മാർച്ച്) ഓഡിറ്റ് നിരീക്ഷിച്ചു.

ഡി.പി.ആർ തയ്യാറാക്കുമ്പോൾ കെഎസ്ഐറ്റിഐഎൽ ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്താത്തതിനാൽ, റൂസ ഫണ്ടിൽ നിന്ന് കൺസൾട്ടൻസി ഫീസായി ചെലവഴിച്ച ₹14.51 ലക്ഷം പാഴായിപ്പോയി. എസ്എൻഎയ്ക്ക് ₹ ആറ് കോടിയുടെ ഫണ്ട് നൽകിയിട്ടും (2023 ഫെബ്രുവരി), ബദൽ ഭൂമി കണ്ടെത്തുകയോ പുതിയ ഡിപിആർ തയ്യാറാക്കുകയോ ചെയ്തില്ല. തൽഫലമായി, വയനാട് എൻഎംഡിസിയുടെ നിർമ്മാണ പദ്ധതി ഇതുവരെ ഏറ്റെടുത്തിട്ടില്ല (2024 ഫെബ്രുവരി).

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഒരു ബദൽ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും എൻഎംഡിസിയുടെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശത്ത് ഭൂമി തെരഞ്ഞെടുത്തതും, അതിന്റെ അനുയോജ്യത ഉറപ്പുവരുത്താത്തതും കെഎസ്ഐറ്റിഐഎൽ-ന്റെ ഉത്തരവാദിത്തമായി നിശ്ചയിച്ചു സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്.

### *3.1.8.4. വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ നിന്നുള്ള വ്യതിയാനം*

സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ടിഎസ്ജി നൽകുന്ന സാങ്കേതിക അനുമതി സമർപ്പിക്കുമ്പോൾ, അനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനായി എസ്.പി.ഡി സ്ഥാപനങ്ങൾക്ക് അന്തിമ അംഗീകാരം നൽകുന്നു. സ്ഥാപനങ്ങൾക്ക് സാങ്കേതിക അനുമതി/ അന്തിമ വർക്ക് ഓർഡർ നൽകുന്നതിനെപ്പറ്റി എസ്.പി.ഡി പുറപ്പെടുവിച്ച പൊതു നിർദ്ദേശങ്ങൾ അനുസരിച്ച്, ഡി.പി.ആറിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഡി.പി.ആറിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് നിർദ്ദിഷ്ട സ്ഥലത്ത് നടപ്പിലാക്കണം. ചുവടെ പറയുന്ന സന്ദർഭങ്ങളിൽ കാണുന്നത് പോലെ ഡി.പി.ആറിൽ ഉൾപ്പെടാത്തതും സാങ്കേതിക അനുമതി നൽകാത്തതുമായ പ്രോജക്ടുകൾ നടപ്പിലാക്കാനായി സ്ഥാപനങ്ങൾ ഏറ്റെടുത്തുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

[88] പഞ്ചായത്ത്, റവന്യൂ, വകുപ്പ്, റൂസ അധികൃതർ നടത്തിയ സ്ഥലത്തിന്റെ സംയുക്ത ഭൗതിക പരിശോധനയിൽ

- റൂസ 1.0 പ്രകാരം എസ്പിഡി അംഗീകരിച്ച (2017 ഒക്ടോബർ) കണ്ണൂർ സർവകലാശാലയുടെ ഡിപിആറിൽ അടിസ്ഥാന സൗകര്യ ഘടകത്തിന് കീഴിൽ ₹ ഏഴ് കോടിയുടെ മൂന്ന് നിർമ്മാണ പ്രവർത്തനങ്ങൾ[89] ഉൾപ്പെട്ടിരുന്നു. ഈ പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചപ്പോൾ, ₹55.04 ലക്ഷം ചെലവിൽ ഡ്രൈവർമാർക്കുള്ള വിശ്രമമുറിയോടു കൂടിയ കാർഷെഡ് റൂഫ് നിർമ്മാണം, ₹44.80 ലക്ഷം ചെലവിൽ നീലേശ്വരം ക്യാമ്പസിൽ ചുറ്റുമതിൽ നിർമ്മാണം എന്നിങ്ങനെ ഡി.പി.ആറിൽ ഉൾപ്പെടാത്ത രണ്ടു പ്രവൃത്തികൾ സർവകലാശാല റൂസ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടു.

- റൂസ 2.0 - ന് കീഴിൽ വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിന്റെ ഡി.പി.ആറി-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ഒന്നായിരുന്നു ₹19.25 ലക്ഷം ചെലവിൽ ലേഡീസ് ഹോസ്റ്റലിന്റെ പരിപാലനം. പ്രവൃത്തിക്കുള്ള സാങ്കേതിക അനുമതി 2020 ഫെബ്രുവരിയിൽ റ്റി.എസ്.ജി നൽകിയിരുന്നു. കോളേജും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പും (ഹാബിറ്റാറ്റ്) തമ്മിൽ ഉണ്ടാക്കിയ (2020 ഫെബ്രുവരി) കരാർ പ്രകാരം 2021 ഫെബ്രുവരിയോടെ പണി പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ 2020-ലെ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കോളേജിന്റെ നിർദ്ദേശ പ്രകാരം പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന്, കോളേജിന്റെ മാനേജ്മെന്റ് നൽകുന്ന ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും, അനുവദിച്ച റൂസ ഫണ്ട് ചരിത്ര മ്യൂസിയം നവീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുവാനും കോളേജ് ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിച്ചു (2021 ജൂലൈ). പുതിയ കരാറുകളൊന്നും ഉണ്ടാക്കാതെ ചരിത്ര മ്യൂസിയത്തിന്റെ പ്രവൃത്തിയും ഹാബിറ്റാറ്റിനെ ഏൽപ്പിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. 2023 ഏപ്രിലിൽ കോളേജ് അധികൃതരുമായി ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ രണ്ടാം നില നിർമ്മിച്ചെങ്കിലും ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ നടന്നിട്ടില്ലെന്ന് നിരീക്ഷിച്ചു.

കാർ ഷെഡ്, ചുറ്റുമതിൽ നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികളിലെ വ്യതിയാനം, കൂടാതെ ചരിത്ര മ്യൂസിയവുമായി ബന്ധപ്പെട്ട ജോലികൾ എന്നിവയ്ക്ക് എസ്പിഡിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് കാര്യങ്ങൾ പരിശോധിച്ചുവരികയാണെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). എസ്പിഡിയുടെ അംഗീകാരമില്ലാതെ ഏറ്റെടുത്ത പദ്ധതികളിൽ നിന്നുമുള്ള വ്യതിയാനങ്ങൾ നടപടിക്രമങ്ങളുടെ ലംഘനമാണ്. അവയെ ഗൗരവമായി കാണേണ്ടതാണ്.

### *3.1.8.5. നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലുണ്ടായ വീഴ്ച*

#### *സെമിനാർ കോംപ്ലക്സ്*

റൂസ 1.0 - ന് കീഴിൽ കണ്ണൂർ സർവകലാശാല (2017 ജൂലൈ) ₹5.90 കോടിക്ക് അവരുടെ താവക്കര ക്യാമ്പസിലുള്ള സെമിനാർ കോംപ്ലക്സ് കെട്ടിടത്തിന്റെ താഴത്തെ നിലയുടെ നിർമ്മാണത്തിനായി നിർദ്ദേശിച്ചു. നിർമ്മാണത്തിന്റെ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനെ (യു.എൽ.സി.സി.എസ്) ഏൽപ്പിച്ചു.

[89] കണ്ണൂർ ക്യാമ്പസിൽ സെമിനാർ കോംപ്ലക്സ് - ₹5.90 കോടി, പയ്യന്നൂരിലെ സ്വാമി ആനന്ദതീർത്ഥ ക്യാമ്പസിൽ സർവകലാശാല സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്റർ - ₹ ഒരു കോടി, ധർമ്മശാലയിൽ സ്റ്റാഫ് ക്വാർട്ടേർസിന് തുറന്ന കിണർ നിർമ്മാണം - ₹0.10 കോടി

സർവകലാശാലയും യു.എൽ.സി.സി.എസും തമ്മിൽ ഉണ്ടാക്കിയ കരാർ (2018 മാർച്ച്) പ്രകാരം യു.എൽ.സി.സി.എസിന് ₹4.70 കോടി നൽകേണ്ടതും 15 മാസത്തിനുള്ളിൽ, അതായത് 2019 ജൂണിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമായിരുന്നു.

സിൻഡിക്കേറ്റ് ആദ്യം മൊത്തം തുകയുടെ 20 ശതമാനം, അതായത് ₹93.96 ലക്ഷം മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകാൻ (2018 മാർച്ച്) തീരുമാനിച്ചു. എന്നാൽ, ഏജൻസിക്ക് അധിക തുക (അധികമായി 30 ശതമാനം) അനുവദിക്കാൻ സിൻഡിക്കേറ്റ് തീരുമാനിക്കുകയും (2018 ആഗസ്റ്റ്), അതുവഴി മൊത്തം മുൻകൂർ തുക ₹2.34 കോടിയായി ഉയർത്തുകയും ചെയ്തു.







*ചിത്രം 3.1: കണ്ണൂർ സർവകലാശാലയുടെ താവക്കര ക്യാമ്പസിലെ സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫുകൾ, ഓഡിറ്റ് പാർട്ടി 2023 ജൂലൈ 12 ന് എടുത്തത്.*

സൈറ്റിലെ മരങ്ങൾ വെട്ടി വൃത്തിയാക്കിയ ശേഷം, 2018 ജൂലൈയിൽ മാത്രമാണ് സർവകലാശാല യു.എൽ.സി.സി.എസ് - ന് സ്ഥലം കൈമാറിയതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പൈൽ ക്യാപ്, കോളം റോഡുകൾ, ഗ്രിഡ് ബീം എന്നിവയുടെ അംഗീകൃത ഡ്രോയിംഗുകളും വിശദീകരണങ്ങളും വൈകിയതുകൊണ്ട് പ്രവർത്തന പുരോഗതി വൻതോതിൽ തടസ്സപ്പെട്ടുവെന്ന് കാണിച്ചുകൊണ്ട് യു.എൽ.സി.സി.എസ് സർവകലാശാലയുടെ രജിസ്ട്രാറിനെ 2019 ജൂലൈയിൽ അറിയിക്കുകയും മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ ഒരു വർഷത്തെ കാലാവധി നീട്ടി നൽകണമെന്ന് അഭ്യർത്ഥിക്കുകയും ആയത് സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനിടയിൽ, യു.എൽ.സി.സി.എസ് (2020 നവംബർ) ₹6.04 കോടിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചു. ഇത് റൂസയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് (2021 ഫെബ്രുവരി) അംഗീകരിക്കുകയും ചെയ്തു. 2018 മാർച്ചിൽ കരാറിൽ ഏർപ്പെട്ടെങ്കിലും, സ്ഥലം കൈമാറുന്നതിലെ കാലതാമസം, ഒരു നിശ്ചിത പാളിക്ക് ശേഷം പൈൽ കുഴിക്കുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ, കോവിഡ് നിയന്ത്രണങ്ങളും ലോക്ക്ഡൗണും കാരണം തൊഴിലാളികളുടെയും സാമഗ്രികളുടെയും ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി നീട്ടിക്കിട്ടാൻ സർവകലാശാലയോട് പലതവണ[90] യു.എൽ.സി.സി.എസ് അഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥനകളെല്ലാം അംഗീകരിക്കുകയും

[90] ആദ്യം നീട്ടിയത് – 2019 ജൂലൈ 01-ൽ നിന്ന് 2020 ജൂലൈ 30-ലേക്ക്, രണ്ടാമത് നീട്ടിയത് – 2021 ജൂൺ വരെ, മൂന്നാമത് നീട്ടിയത് – 2021 ഒക്ടോബർ വരെ

പുതുക്കിയ എസ്റ്റിമേറ്റിലെ അധിക ഇനങ്ങൾക്കായി ഒരു അനുബന്ധ കരാറിലേർപ്പെടുകയും ചെയ്തു (2022 ഏപ്രിൽ).

സർവകലാശാല അധികൃതരുമായി പ്രവൃത്തിസ്ഥലത്ത് നടത്തിയ സംയുക്ത പരിശോധനയിൽ (2023 ജൂലൈ) കെട്ടിടത്തിന്റെ താഴത്തെ നില പൂർത്തിയായിട്ടില്ലെന്നും ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ ഇനിയും ചെയ്യേണ്ടതായിട്ടുണ്ടെന്നും കണ്ടെത്തി. അപ്പോഴേക്കും പ്രവൃത്തിക്ക് ₹5.13 കോടി ചെലവാക്കിയിരുന്നു.

അങ്ങനെ, സർവകലാശാലയുടെ സിൻഡിക്കേറ്റ്, പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അവഗണിച്ച് അമിത മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചും ജോലി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്ക് അന്യായമായി നീട്ടിനൽകിയും കരാറുകാരനോട് അനർഹമായ പ്രീതി കാണിച്ചു. അധിക ഇനങ്ങൾക്കായി 2022 ഏപ്രിലിൽ അനുബന്ധ കരാറിലേർപ്പെട്ടെങ്കിലും, 2019 ജൂൺ മുതൽ ഏകദേശം അഞ്ച് വർഷം കഴിഞ്ഞിട്ടും കരാറുകാരൻ പണി പൂർത്തിയാക്കിയിട്ടില്ല. റൂസ ഫണ്ടിൽ നിന്ന് ₹5.13 കോടി ചെലവഴിച്ചിട്ടും സെമിനാർ കോംപ്ലക്സിന്റെ ഉദ്ദേശിച്ച പ്രയോജനം സർവകലാശാല ഇതുവരെ നേടിയിട്ടില്ല.

### *സയന്റിഫിക് ഇൻസ്ട്രുമെൻറേഷൻ സെൻറർ*

കണ്ണൂർ സർവകലാശാല (2017 ജൂലൈ) റൂസ 1.0 - ന് കീഴിലെ നിർമ്മാണം, വാങ്ങൽ എന്നീ ഘടകങ്ങൾക്ക് കീഴിൽ യഥാക്രമം ₹ ഒരു കോടി ചെലവിൽ ഒരു സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്റർ (സെന്റർ) നിർമ്മിക്കാനും ₹3.07 കോടിയുടെ ഉപകരണങ്ങൾ വാങ്ങാനും തീരുമാനിച്ചു. അടിസ്ഥാനപരവും പ്രായോഗികവുമായ ശാസ്ത്ര വിഷയങ്ങളിൽ ആഗോളതലത്തിൽ മത്സരാധിഷ്ഠിത ഗവേഷണവും വികസനവും നടത്താൻ അധ്യാപകരെയും ഗവേഷണ പണ്ഡിതന്മാരെയും വിദ്യാർത്ഥികളെയും സഹായിക്കുന്നതിനായിരുന്നു ഈ സൗകര്യവും ഉപകരണങ്ങളും. സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി വിവിധ ശാസ്ത്ര വിഷയങ്ങളിൽ നൂതന ഗവേഷണം ഒരു കുടക്കീഴിൽ നടത്തുകയും അവയുടെ സേവനങ്ങൾ അക്കാദമിക് സ്കൂളുകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ അത്യാധുനിക ഇൻസ്ട്രുമെന്റേഷൻ സൗകര്യത്തിന്റെ ലക്ഷ്യം. ₹1.90 കോടിയുടെ എസ്റ്റിമേറ്റിന് സർവകലാശാല (2018 ആഗസ്റ്റ്) സാങ്കേതിക അനുമതി നൽകി. അതിൽ ₹ ഒരു കോടി റൂസ ഫണ്ടിൽ നിന്നും ബാക്കി ₹0.90 കോടി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തി. യു.എൽ.സി.സി.എസ് എന്ന അംഗീകൃത ഏജൻസിക്ക് നിർമ്മാണത്തിന്റെ ചുമതല ഏൽപ്പിച്ചു.

യു.എൽ.സി.സി.എസ്-മായി സർവകലാശാല നടപ്പിലാക്കിയ കരാർ (2018 സെപ്റ്റംബർ) പ്രകാരം, വൈദ്യുതീകരണവും പ്ലംബിംഗ് ജോലികളും[91] ഉൾപ്പെടെയുള്ള സെന്ററിന്റെ നിർമ്മാണം കരാർ തീയതി മുതൽ ഒമ്പത് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു. അത് പിന്നീട് ഒന്നിലധികം ഉത്തരവുകളിലൂടെ 2021 ജൂൺ വരെ നീട്ടി[92]. പ്ലാൻ ഫണ്ടിൽ നിന്ന് പണം അനുവദിക്കാത്തതും പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾക്കായി അനുമതി ലഭിക്കാനുള്ള കാലതാമസവുമാണ് പ്രവൃത്തി പൂർത്തീകരണം നീട്ടാൻ കാരണമായതായി സർവകലാശാല അറിയിച്ചു.

---

91 ₹1.52 കോടി മതിക്കുന്ന

92 ആദ്യം നീട്ടിയത് 2019 ജൂൺ 02-ൽ നിന്ന് 2020 ഏപ്രിൽ 11-ലേക്ക്, രണ്ടാമത് നീട്ടിയത് – 2020 നവംബർ 30 വരെ, മൂന്നാമത് നീട്ടിയത് 2021 ജൂൺ 30 വരെ

സർവകലാശാല (2022 ആഗസ്റ്റ് – 2023 മേയ്) മൂന്ന് അധികമായി മുറികൾ, കാർ പോർച്ച്, നിലവറയിലെ പടിക്കെട്ട്, അനുബന്ധ ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ എന്നിവ ഉൾപ്പെടുത്തി ₹3.30 കോടിയായി (പ്ലാൻ ഫണ്ടിൽ നിന്ന് ₹2.30 കോടി) എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു. ഓഡിറ്റ് സർവകലാശാലയുടെ അധികാരികളുമായി ചേർന്ന് സ്ഥലത്ത് നടത്തിയ സംയുക്ത പരിശോധനയിൽ (2023 ജൂലൈ) കെട്ടിടം മാത്രം പൂർത്തീകരിച്ചുവെന്നും അനുബന്ധ ഫ്ലോറിംഗ്, വൈദ്യുതീകരണം, പ്ലംബിംഗ് ജോലികൾ ഇനിയും ചെയ്യാനുണ്ടെന്നും നിരീക്ഷിച്ചു.




*ചിത്രം 3.2: കണ്ണൂർ സർവകലാശാല പയ്യന്നൂർ ക്യാമ്പസിലെ സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്ററിനായുള്ള കെട്ടിടത്തിന്റെ ഫോട്ടോ, ഓഡിറ്റ് പാർട്ടി 2023 ജൂലൈ 13-ന് എടുത്തത്*

അങ്ങനെ, അംഗീകൃത രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം സർവകലാശാല ഏറ്റെടുത്തെങ്കിലും, കൂടുതൽ സവിശേഷതകളോടുകൂടി പദ്ധതി പരിഷ്കരിക്കുന്നത് തെരഞ്ഞെടുത്തതു മൂലം അധിക ചെലവുകൾ ആവശ്യമായി വന്നു. തൽഫലമായി, അഞ്ച് വർഷത്തിന് ശേഷവും ഈ കേന്ദ്രം പ്രവർത്തനക്ഷമമായില്ല. കൂടാതെ, സെന്ററിൽ സ്ഥാപിക്കുന്നതിനായി ₹2.20 കോടിയ്ക്ക് വാങ്ങിയ നാല് ഉപകരണങ്ങൾ[93] സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിലെ വകുപ്പ് മേധാവികളുടെ പക്കൽ സൂക്ഷിക്കേണ്ടതായി വന്നു. തൽഫലമായി, അക്കാദമിക് സ്കൂളുകൾക്കും വകുപ്പുകൾക്കും പ്രയോജനം ചെയ്യുന്നതിനായി വിവിധ ശാസ്ത്ര വിഷയങ്ങളിൽ വിപുലമായ ഗവേഷണം ഒരു കുടക്കീഴിൽ നടത്താൻ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളെ പ്രാപ്തമാക്കുക എന്ന ലക്ഷ്യം ഇനിയും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല.

രണ്ട് പ്രവൃത്തികളുടെയും പൂർത്തീകരണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് ഗ്രാന്റായി ₹201.60 ലക്ഷം അനുവദിക്കാൻ സർവകലാശാല നിർദ്ദേശിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കാൻ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു.

എന്നിരുന്നാലും, പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം കാരണം സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക് സെമിനാർ കോംപ്ലക്സിന്റെയും സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്ററിന്റെയും ആനുകൂല്യം നഷ്ടമായി.

കൂടാതെ, ജോലി നേരിട്ട് ഏറ്റെടുക്കുന്ന ഒരു അംഗീകൃത ഏജൻസിക്ക് നൽകേണ്ട മുൻകൂർ തുക, സ്ഥാപനവും അംഗീകൃത ഏജൻസിയും തമ്മിൽ നിർവ്വഹിക്കുന്ന

[93] മൈക്രോ രാമൻ സ്പെക്ട്രോമീറ്റർ, സ്പെക്ട്രോ ഫ്ലൂറോമീറ്റർ, എക്സ്-റേ ഡിഫ്രാക്ഷൻ ഉപകരണം, സോളാർ സിമുലേറ്റർ

പ്രവൃത്തികളുടെ കരാറിലുള്ള എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനമായി പരിമിതപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശങ്ങൾ (2014 ജൂലൈ, 2018 ജൂൺ) കണ്ണൂർ സർവകലാശാല ലംഘിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. കണ്ണൂർ സർവകലാശാല റൂസ 1.0 പ്രകാരം ഏറ്റെടുത്ത പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ കരാറുകാരായ യു.എൽ.സി.സി.എസിനെ ഏൽപ്പിച്ചു. സാമഗ്രികളുടെ വിലവർദ്ധനവ്, ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷമുള്ള വിൽപ്പനക്കാരുടെ വായ്പാ കാലയളവ് കുറയ്ക്കൽ, ജോലിക്കുള്ള സാമഗ്രികൾ മൊത്തമായി വാങ്ങേണ്ടതിന്റെ ആവശ്യകത എന്നിവ ചൂണ്ടിക്കാട്ടി 2018 ആഗസ്റ്റിൽ യു.എൽ.സി.സി.എസ് കണ്ണൂർ സർവകലാശാലയുമായി കരാറിലേർപ്പെട്ട എല്ലാ പ്രവൃത്തികൾക്കും മൊബിലൈസേഷൻ അഡ്വാൻസായി കരാർ വിലയുടെ 50 ശതമാനം അനുവദിക്കാൻ അഭ്യർത്ഥിച്ചു. അതനുസരിച്ച്, യു.എൽ.സി.സി.എസ് ഏറ്റെടുക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും മൊബിലൈസേഷൻ അഡ്വാൻസായി പ്രവൃത്തികളുടെ കരാർ വിലയുടെ 50 ശതമാനം നൽകാൻ സർവകലാശാല സിൻഡിക്കേറ്റ് (2018 ആഗസ്റ്റ്) തീരുമാനിച്ചു. അങ്ങനെ, **അനുബന്ധം 3.5**-ൽ കാണിച്ചിരിക്കുന്നതുപോലെ, നിലവിലുള്ള ഉത്തരവുകൾ ലംഘിച്ചുകൊണ്ട് റൂസയുടെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി ₹5.61 കോടി മുൻകൂറായി കണ്ണൂർ സർവകലാശാല യു.എൽ.സി.സി.എസിന് നൽകി.

സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ, ധനകാര്യ വകുപ്പ് പുറത്തിറക്കിയ സർക്കാരിന്റെ പൊതുമരാമത്ത് പ്രവർത്തി ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടാണ് കണ്ണൂർ സർവകലാശാല കരാറുകാരന് അമിതമായി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതെന്ന് സർക്കാർ മറുപടി നൽകി. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സർവകലാശാലക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമെന്നും അറിയിച്ചു.

### *എസ്.എസ്.യു.എസ് കാലടിയിലെ ഓഡിറ്റോറിയം*

അംഗീകൃത ഡിപിആർ പ്രകാരം, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ (എസ്എസ്‌യുഎസ്) വൈസ് ചാൻസലർ സർവകലാശാല ക്യാമ്പസിൽ ഒരു ഓഡിറ്റോറിയം നിർമ്മിക്കാൻ അനുമതി നൽകുകയും (2017 മാർച്ച്) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സർവകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന്, എസ്എസ്‌യുഎസ്, കാലടി ഈ ജോലി കേരള സ്റ്റേറ്റ് നിർമിതി കേന്ദ്ര (കെസ്നിക്) എന്ന കൺസൾട്ടന്റിന് കൈമാറുകയും (2018 ഫെബ്രുവരി) അവർ ₹ നാല് കോടിയുടെ ഒരു വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കെസ്നിക്കിന് മൊബിലൈസേഷൻ അഡ്വാൻസായി സർവകലാശാല ₹ മൂന്ന് കോടി അനുവദിച്ചു (2018 ഫെബ്രുവരി). അത് മൊത്തം ചെലവിന്റെ അനുവദനീയമായ 20 ശതമാനത്തേക്കാൾ 55 ശതമാനം കൂടുതലായിരുന്നു. കെസ്നിക് വർക്ക് ടെൻഡർ ചെയ്യുകയും 2019 സെപ്റ്റംബർ പൂർത്തിയാകാനുള്ള സമയമായി കണക്കാക്കി മറ്റൊരു ഏജൻസിക്ക്[94] നൽകുകയും ചെയ്തു. കൂടാതെ വൈദ്യുതീകരണം, എയർ കണ്ടീഷനിംഗ്, അക്കൗസ്റ്റിക്സ്, ഫോൾസ് സീലിംഗ്, ചുറ്റുമതിൽ, അഗ്നിശമന സംവിധാനം തുടങ്ങിയവയ്ക്കായി ₹3.75 കോടിയുടെ വിശദമായ ഒരു എസ്റ്റിമേറ്റും കെസ്നിക് തയ്യാറാക്കി. ഇത് എസ്എസ്‌യുഎസ്, കാലടി അനുവദിക്കുകയും (2020 നവംബർ) ചെയ്തു. റൂസ ഫണ്ടായ ₹ നാല് കോടിയിൽ നിന്ന് 2022 മാർച്ച് 19 വരെ എസ്എസ്‌യുഎസ്, കാലടി നൽകിയ മൊത്തം തുക ₹3.35 കോടിയാണ്. ഓഡിറ്റ് സ്ഥലത്ത് നടത്തിയ സംയുക്ത പരിശോധനയിൽ (2023 ഏപ്രിൽ)

[94] മെസ്സേഴ്സ് കെ എ ജോൺസൺ

ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും ഫ്ലോറിംഗ്, വൈദ്യുതീകരണം, പ്ലംബിംഗ് എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ നടന്നിട്ടില്ലെന്നും കണ്ടെത്തി. കൂടാതെ, സ്ഥലത്ത് ഇപ്പോൾ ഒരു നിർമ്മാണപ്രവൃത്തിയും നടക്കുന്നില്ല. ഫണ്ട് അനുവദിച്ച് അഞ്ച് വർഷം പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയാക്കാതെ ഉപേക്ഷിച്ച നിലയിലാണ്.



*ചിത്രം 3.3: എസ്എസ്യുഎസ്, കാലടിയിലെ ഓഡിറ്റോറിയത്തിന്റെ ചിത്രം, 2023 ഏപ്രിൽ 27-ന് ഓഡിറ്റ് പാർട്ടി എടുത്തത്*

സർക്കാർ ഓഡിറ്റ് കണ്ടെത്തലുകൾ അംഗീകരിക്കുകയും പൊതുമരാമത്ത് പണികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എസ്എസ്യുഎസ് കാലടി ലംഘിച്ചുവെന്നും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ കരാറുകാർക്ക് അധിക മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും ചെയ്തുവെന്നും പ്രസ്താവിക്കുകയും ചെയ്തു (2024 ഏപ്രിൽ). കൂടാതെ, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സർവകലാശാലയ്ക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമെന്നും ഓഡിറ്റോറിയം നിർമ്മാണത്തിലെ കാലതാമസം പുനഃപരിശോധിക്കുകയും പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിന് തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്നും പ്രസ്താവിച്ചു.

### 3.1.8.6. ഭിന്നശേഷിക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

പ്രവേശനം, തുല്യത, ഗുണനിലവാരം എന്നീ കാര്യങ്ങൾ തുല്യമായ രീതിയിൽ നൽകപ്പെടുന്നുവെന്ന് ഉറപ്പാക്കാനാണ് റൂസ ലക്ഷ്യമിടുന്നത്. ക്ലാസ് മുറികളിലേക്ക് എളുപ്പത്തിൽ പ്രവേശിക്കുന്നതിന് റാംപുകൾ/ലിഫ്റ്റുകൾ, സ്പർശന പാതകൾ, പ്രദർശന ഫലകങ്ങൾ, സൂചകങ്ങൾ, ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക സൗകര്യങ്ങൾ/ഉപകരണങ്ങൾ മുതലായവ നൽകിക്കൊണ്ട് നിലവിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായും ഭിന്നശേഷി സൗഹൃദവും തടസ്സരഹിതവുമായ സ്ഥലമായി മാറ്റുന്നത് പോലുള്ള തുല്യതാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ സ്വാധീനം ചെലുത്താനാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. കൂടാതെ, എൻ.എ.എ.സി-യ്ക്ക് കീഴിലുള്ള സർവകലാശാലകളുടെയും കോളേജുകളുടെയും അക്രഡിറ്റേഷനുള്ള മാനുവലുകളിൽ ഒരു സ്ഥാപനത്തിലെ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളുടെ ലഭ്യത എന്നത് ഗ്രേഡിംഗിന് ഒരു വ്യവസ്ഥയായി നിർദ്ദേശിച്ചിട്ടുമുണ്ട്.

റൂസയുടെ കീഴിലുള്ള ഘടകങ്ങൾ തെരഞ്ഞെടുക്കുമ്പോൾ സ്ഥാപനങ്ങളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ പരിഗണന നൽകുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ 16 സ്ഥാപനങ്ങളിൽ നാല്

സ്ഥാപനങ്ങൾ മാത്രമാണ് പ്രത്യേക ടോയ്‌ലറ്റുകൾ, എലിവേറ്ററുകൾ, റാംപുകൾ തുടങ്ങി ₹239 ലക്ഷത്തിന്റെ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയത്.

നിലവിലുള്ള സ്ഥാപനങ്ങൾക്ക് ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ സ്ഥാപിക്കാൻ റൂസ ഫണ്ട് ഉപയോഗിക്കാമായിരുന്നെങ്കിലും, തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ 358 കെട്ടിടങ്ങളിൽ 151 (42.18 ശതമാനം) കെട്ടിടങ്ങളിൽ മാത്രമാണ് പ്രവർത്തനക്ഷമമായ റാമ്പ് ലഭ്യമായിരുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2023 ആഗസ്റ്റ്). കൂടാതെ, 244 ബഹുനില കെട്ടിടങ്ങളിൽ 30 കെട്ടിടങ്ങളിൽ (12.30 ശതമാനം) മാത്രമേ മുകളിലത്തെ നിലകളിലേക്കുള്ള വീൽചെയർ പ്രവേശനം ലഭ്യമായിരുന്നുള്ളൂ. അതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.6**-ൽ നൽകിയിരിക്കുന്നു.

ഭാവിയിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുമെന്നും വിവിധ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിദ്യാർത്ഥികളെ സഹായിക്കുന്ന സൗകര്യങ്ങൾ നൽകുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി തുല്യതാ ഘടകത്തിലെ രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുക്കൾ ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നുവെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

## 3.1.9. നിരീക്ഷണം

### *3.1.9.1. തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ബോർഡ് ഓഫ് ഗവർണേഴ്‌സും പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും രൂപീകരിക്കാത്തത്*

റൂസ 1.0 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ബോർഡ് ഓഫ് ഗവർണേഴ്സ് (ബിഒജി) സ്ഥാപന പ്രോജക്ടുകളുടെ പുരോഗതി സ്ഥിരമായി നിരീക്ഷിക്കുകയും പദ്ധതി നടത്തിപ്പിൽ സ്ഥാപനങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യേണ്ടതായിരുന്നു. അതാത് സ്ഥാപനത്തിലെ അംഗങ്ങൾ, സംസ്ഥാന സർക്കാർ, സമൂഹം, വ്യവസായം, അക്കാദമി എന്നിവയിൽ നിന്നുള്ള പ്രമുഖ വ്യക്തികൾ എന്നിവർ ഉൾപ്പെടുന്ന 10-15 അംഗ ബോഡി ആണ് ബിഒജി. സ്ഥാപന പദ്ധതികളുടെ സുഗമവും ചെലവ് കുറഞ്ഞതും സമയബന്ധിതവുമായ നടപ്പാക്കൽ, മൊത്തത്തിലുള്ള അധ്യാപക വികസനം ഉറപ്പാക്കുക, സാധനങ്ങൾ, ജോലികൾ, സേവനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള യോജിച്ച നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, സാമ്പത്തിക നിർവ്വഹണം മുതലായവയുമായി ബന്ധപ്പെട്ട് എല്ലാ നയപരമായ തീരുമാനങ്ങളും എടുക്കേണ്ടത് ബിഒജി യുടെ ഉത്തരവാദിത്തമായിരുന്നു.

ഓരോ സ്ഥാപനവും അതിന്റെ അക്കാദമിക് ഉദ്യോഗസ്ഥർ, അധ്യാപക, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ, ടെക്നിക്കൽ, നോൺ ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവരുടെ ഉചിതമായ പ്രാതിനിധ്യത്തോടെ ഒരു പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് (പി.എം.യു) രൂപീകരിക്കണമെന്ന് റൂസ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. സ്ഥാപന തലത്തിൽ പ്രോജക്ട് നിരീക്ഷണത്തിന്റെ ഉത്തരവാദിത്തം പി.എം.യു-വിനാണ്. കൂടാതെ സാധനങ്ങൾ, ജോലികൾ, സേവനങ്ങൾ എന്നിവയുടെ സംഭരണം, സാമ്പത്തിക നിർവ്വഹണം, പെർഫോമൻസ് ഓഡിറ്റ്, അധ്യാപക/സ്റ്റാഫ് ഡെവലപ്മെന്റ്, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആനുകാലിക പുതുക്കൽ തുടങ്ങിയ ഉത്തരവാദിത്വങ്ങളും നൽകിയിരിക്കുന്നു.

പരിശോധനയ്ക്ക് തെരഞ്ഞെടുത്ത സ്ഥാപനമായ തൃപ്പൂണിത്തുറയിലെ സർക്കാർ കോളേജ് ബിഒജിയോ പി.എം.യുവോ രൂപീകരിച്ചിട്ടില്ലെന്ന് (2023 മേയ്) ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, തെരഞ്ഞെടുത്ത 16 സ്ഥാപനങ്ങളിൽ ഏഴ് സ്ഥാപനങ്ങളും **പട്ടിക 3.7**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, നിർദ്ദിഷ്ട വർഷങ്ങളിൽ ബിഒജിയുടെയും/ പിഎംയുവിന്റെയും മീറ്റിംഗുകളൊന്നും വിളിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് സ്ഥാപന പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമയബന്ധിതമായി അവലോകനം ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനും കുറഞ്ഞ മുൻഗണന നൽകുന്നതിന്റെ തെളിവാണ്.

**പട്ടിക 3.7: ബിഒജി/പി.എം.യു കൂടിക്കാഴ്ചകൾ നടത്തിയതിന്റെ വിശദാംശങ്ങൾ**

| സ്ഥാപനത്തിന്റെ പേര് | കൂടിക്കാഴ്ചകൾ ഇല്ലാത്ത വർഷം | |
|---|---|---|
| | ബിഒജി | പി.എം.യു |
| എസ്.എസ്.യു.എസ്, കാലടി | 2020-21, 2021-22, 2022-23 | കൂടിക്കാഴ്ചകൾ നടത്തി |
| സർക്കാർ ആർട്സ് കോളേജ്, തിരുവനന്തപുരം | കൂടിക്കാഴ്ചകൾ നടത്തി | 2018-19, 2019-20, 2020-21, 2022-23 |
| രാജഗിരി കോളേജ്, കളമശ്ശേരി | 2018-19, 2022-23 | 2018-19, 2022-23 |
| ശ്രീ ശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര | കൂടിക്കാഴ്ചകൾ നടത്തി | 2018-19 |
| സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ | 2018-19, 2019-20, 2021-22, 2022-23 | 2018-19 |
| എസ്.എൻ.ജി.എസ് പട്ടാമ്പി | 2020-21 | 2019-20, 2020-21, 2021-22, 2022-23 |
| സർക്കാർ ബ്രണ്ണൻ കോളേജ്, തലശ്ശേരി | 2018-19, 2019-20, 2020-21, 2022-23 | കൂടിക്കാഴ്ചകൾ നടത്തി |

*(ഉറവിടം: സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങൾ)*

തൃപ്പൂണിത്തുറ സർക്കാർ കോളേജ്, 2023 നവംബറിൽ ബിഒജിയും പിഎംയുവും രൂപീകരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). എല്ലാ സ്ഥാപനങ്ങളുടെയും ബിഒജിയും പിഎംയുവും റൂസ എസ്പിഡിയെ കൊണ്ട് സ്ഥിരമായി നിരീക്ഷിക്കുമെന്നും വിലയിരുത്തുമെന്നും ഉറപ്പ് നൽകി.

### *3.1.9.2. പ്രവൃത്തികളുടെ ജിയോ ടാഗിംഗിലെ പോരായ്മയും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രവർത്തിക്കാത്തതും*

ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി മാനവ വിഭവശേഷി വികസന മന്ത്രാലയം (2015 നവംബർ) ഐഎസ്ആർഒയുടെ ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള ആപ്ലിക്കേഷൻ 'ഭുവൻ റൂസ' സംസ്ഥാനങ്ങൾക്ക് നൽകിയിരുന്നു. ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ അവരുടെ പ്രവൃത്തികളുടെ/വാങ്ങലുകളുടെ ഭൗതികവും സാമ്പത്തികവുമായ വിവരങ്ങൾ അപേക്ഷയിൽ അപ്‌ലോഡ് ചെയ്ത് ജിയോ ടാഗ് ചെയ്യേണ്ടതായിരുന്നു. 2024 ജനുവരിയിൽ നടത്തിയ റൂസ വെബ്സൈറ്റിലെ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഓഡിറ്റ് വിശകലനത്തിൽ, ധനസഹായം ലഭിച്ച 157 സ്ഥാപനങ്ങളിൽ 19 എണ്ണം മാത്രമാണ് പദ്ധതി നടത്തിപ്പിന്റെ നിലയെക്കുറിച്ചുള്ള വിവരങ്ങൾ ജിയോ ടാഗ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. പ്രവൃത്തികൾ/വാങ്ങലുകൾ ജിയോ ടാഗ് ചെയ്യാത്തതിന്റെ കാരണങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ല. വെബ് അധിഷ്ഠിത നിരീക്ഷണ സംവിധാനത്തിന്റെ സാധ്യതകൾ സംസ്ഥാനത്ത് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ലെന്ന വസ്തുതയിലേക്കാണ് മേൽപ്പറഞ്ഞ സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്.

ഫണ്ട് ലഭിക്കുന്ന സ്ഥാപനങ്ങളിൽ പദ്ധതി നടത്തിപ്പിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലെയും കോളേജുകളിലെയും ഐഡിപികളും മുൻകാല വിവരങ്ങളും ശേഖരിക്കുന്നതിനുമായി

ഒരു പുതിയ വെബ് അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്) നടപ്പിലാക്കാൻ റൂസ ലക്ഷ്യമിട്ടു. ഇതിനായി, സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി എംഎച്ച്ആർഡി (2018 ഒക്ടോബർ) നാഷണൽ ഹയർ എജ്യൂക്കേഷൻ റിസോഴ്സ് സെന്റർ (എൻ.എച്ച്.ഇ.ആർ.സി) - എംഐഎസ് പോർട്ടൽ ആരംഭിക്കുകയും പോർട്ടൽ ലിങ്ക് സ്ഥാപനങ്ങളെ അറിയിക്കുകയും (2019 ഏപ്രിൽ) ചെയ്തു. എന്നാൽ, പോർട്ടൽ പ്രവർത്തിക്കുന്നില്ലെന്നും എം.ഐ.എസ് വിഭാവനം ചെയ്തതുപോലെ പ്രവർത്തനക്ഷമമല്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

എല്ലാ റൂസ ഗുണഭോക്താക്കളും ജിയോ ടാഗ് ചെയ്തിട്ടുണ്ടെന്ന് നിരീക്ഷിക്കാനും ഉറപ്പാക്കാനും നടപടിയെടുക്കുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *3.1.9.3. സ്ഥിര അധ്യാപക ജീവനക്കാരുടെ കുറവ്*

റൂസ 1.0-ന് പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മുൻവ്യവസ്ഥയിൽ ഒന്ന് അധ്യാപക ഒഴിവുകൾ നികത്തുക എന്നതായിരുന്നു. റൂസ 1.0 മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം റൂസയുടെ ആദ്യ വർഷാവസാനത്തോടെ 15 ശതമാനത്തിലധികം അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സംസ്ഥാനങ്ങൾക്ക് തുടർന്നുള്ള ഗ്രാന്റുകൾക്കുള്ള അർഹത നഷ്ടപ്പെടാമെന്ന് വ്യവസ്ഥ ചെയ്യുന്നു. റഗുലർ മോഡിൽ 85 ശതമാനത്തിന് മുകളിൽ അധ്യാപക തസ്തികയും 10:1-20:1 ന് മുകളിലുള്ള വിദ്യാർത്ഥി-അധ്യാപക അനുപാതവുമുള്ള കോളേജുകൾക്കും സർവകലാശാലകൾക്കും അടിസ്ഥാനസൗകര്യ ഗ്രാന്റിന് കീഴിൽ തെരഞ്ഞെടുക്കുന്നതിന് മുൻഗണന നൽകണമെന്ന് റൂസ 2.0-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാർ എംഎച്ച്ആർഡിയുമായി ഒരു ധാരണാപത്രത്തിൽ ഏർപ്പെടുകയും (2018 മേയ്) അധ്യാപക ഒഴിവുകൾ നികത്താൻ സമ്മതിക്കുകയും റിക്രൂട്ട്മെന്റിന് നിരോധനമില്ലെന്നും സർവകലാശാലകളിലെ അധ്യാപകരുടെ എണ്ണം അംഗീകൃത അധ്യാപക തസ്തികകളുടെ 85 ശതമാനത്തിൽ താഴെയായിരിക്കില്ലെന്നും ഉറപ്പാക്കുകയും ചെയ്തു. പക്ഷേ, താഴെ വിശദമാക്കുന്ന പ്രകാരം പരിശോധന നടത്തിയ സ്ഥാപനങ്ങൾ ഒഴിവുകൾ നികത്തുന്നതിൽ മുകളിൽ പറഞ്ഞതിൽ നിന്നും വ്യതിയാനങ്ങൾ ഉണ്ടായതായി ഓഡിറ്റ് ശ്രദ്ധിച്ചു:

- തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ (സർവകലാശാലകൾ ഉൾപ്പെടെ) 2023 മാർച്ച് 31 തീയതിയിൽ അനുവദിച്ച അധ്യാപക തസ്തികകളുടെ എണ്ണം 1776 -ഉം യഥാർത്ഥ അധ്യാപകരുടെ എണ്ണം 1249-ഉം (70 ശതമാനം) ആയിരുന്നു. അതായത് **പട്ടിക 3.8**-ൽ കാണിച്ചിരിക്കുന്നതുപോലെ 527 അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടന്നു. തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ അംഗീകൃത അധ്യാപക തസ്തികകളുടെയും യഥാർത്ഥ അധ്യാപകരുടെയും വിശദാംശങ്ങൾ **അനുബന്ധം 3.7** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.8: 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിലെ അനുവദിച്ച തസ്തികകളുടെയും അധ്യാപകരുടെയും നില**

| വർഷം | ആകെ അനുവദിച്ച അധ്യാപക തസ്തികകൾ | യഥാർത്ഥ അധ്യാപകരുടെ എണ്ണം (കരാർ/അതിഥി അധ്യാപകർ ഒഴികെ) | വ്യത്യാസം/ഒഴിവുള്ള തസ്തികകൾ |
|---|---|---|---|
| 2018-19 | 1727 | 1160* | 568 |
| 2019-20 | 1737 | 1179 | 558 |
| 2020-21 | 1738 | 1255 | 483 |
| 2021-22 | 1739 | 1253 | 486 |
| 2022-23 | 1776 | 1249 | 527 |

** ഒരു കോളേജിൽ അനുവദിച്ച തസ്തികയിലും കൂടുതലായി ഒരു അധ്യാപകൻ ഉണ്ടായിരുന്നു*

*(ഉറവിടം: തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

അംഗീകൃത അധ്യാപക തസ്തികകളുടെ 85 ശതമാനം അധ്യാപകർ വേണമെന്ന മാനദണ്ഡം എസ്.എസ്.യു.എസ് കാലടി പാലിക്കാത്തതിനാൽ, റൂസ 2.0 പ്രകാരം സ്ഥാപനം സമർപ്പിച്ച പ്രോജക്റ്റ് എംഎച്ച്ആർഡി നിരസിച്ചു (2018 ജൂലൈ) എന്ന വസ്തുത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2018-19-ൽ അനുവദിച്ച 220 തസ്തികകളിൽ 46 അധ്യാപക തസ്തികകൾ സ്ഥാപനത്തിൽ ഒഴിഞ്ഞുകിടന്നു.

- തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ നിർമ്മാണം, നവീകരണം, വാങ്ങൽ തുടങ്ങിയ പ്രവൃത്തികൾ നിർദ്ദേശിച്ച എട്ട് സ്ഥാപനങ്ങൾ മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാർത്ഥി - അധ്യാപക അനുപാതം നിലനിർത്തിയില്ല (**അനുബന്ധം 3.8**).

- സർവകലാശാലകളിലും കോളേജുകളിലും അധ്യാപകരുടെയും മറ്റ് അക്കാദമിക് സ്റ്റാഫുകളുടെയും നിയമനത്തിനുള്ള കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസ നിലവാരം നിലനിർത്തുന്നതിനുള്ള നടപടികളും സംബന്ധിച്ച യുജിസി റെഗുലേഷൻ 2010 അനുസരിച്ച്, അധ്യാപകരുടെ കരാർ അടിസ്ഥാനത്തിലുള്ള നിയമനം അത്യാവശ്യ ഘട്ടങ്ങളിലും വിദ്യാർത്ഥി-അധ്യാപക അനുപാതം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തപ്പോഴും മാത്രം മതിയെന്നാണ്. ഏത് സാഹചര്യത്തിലും, നിയമനങ്ങളുടെ എണ്ണം കോളേജ്/ യൂണിവേഴ്സിറ്റിയുടെ മൊത്തം അധ്യാപക തസ്തികയുടെ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല.

  മുകളിൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി, 2018-19 മുതൽ 2022-23 വരെയുള്ള ഓഡിറ്റ് കാലയളവിൽ, തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ നിയമിച്ച അതിഥി/കരാർ അധ്യാപകരുടെ എണ്ണം യുജിസി മാനദണ്ഡങ്ങളിൽ വ്യക്തമാക്കിയ 10 ശതമാനത്തിന്റെ സ്ഥാനത്ത് **പട്ടിക 3.9**-ൽ വിശദമാക്കുന്നതുപോലെ 42 മുതൽ 47 ശതമാനം വരെയാണ്.

**പട്ടിക 3.9: തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ട അതിഥി/കരാർ ജീവനക്കാരുടെ വിശദാംശങ്ങൾ**

| കാലാവധി | അനുവദിച്ച റഗുലർ അധ്യാപക തസ്തികകൾ | യഥാർത്ഥ റഗുലർ അധ്യാപക തസ്തികകൾ | യുജിസി മാനദണ്ഡം (ആകെ തസ്തികകളുടെ 10 ശതമാനം) | അതിഥി/കരാർ അധ്യാപക നിയമനം | അതിഥി/കരാർ അധ്യാപക നിയമനത്തിന്റെ ശതമാനകണക്ക് |
|---|---|---|---|---|---|
| 2018-19 | 1727 | 1160 | 173 | 760 | 44 |
| 2019-20 | 1737 | 1179 | 174 | 789 | 45 |
| 2020-21 | 1738 | 1255 | 174 | 746 | 42 |
| 2021-22 | 1739 | 1253 | 174 | 807 | 46 |
| 2022-23 | 1776 | 1249 | 178 | 838 | 47 |

*(ഉറവിടം: റൂസ 1.0, 2.0 എന്നിവയ്ക്ക് കീഴിലുള്ള തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ)*

വിദ്യാർത്ഥി-അധ്യാപക അനുപാതം 15 ശതമാനത്തിലും അതിഥി അധ്യാപകർ 10 ശതമാനത്തിലും കൂടുതലുള്ള സ്ഥാപനങ്ങളെ റൂസ/യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള തിരുത്തൽ നടപടികൾ സ്വീകരിക്കാൻ ഓർമ്മിപ്പിക്കുമെന്ന് സർക്കാർ മറുപടിയിൽ ഉറപ്പുനൽകി (2024 ഏപ്രിൽ).

### *3.1.9.4. റൂസ സ്കീമിന്റെ മുൻവ്യവസ്ഥകൾ പാലിക്കാത്തത്*

റൂസ 1.0-ന്റെ മുൻവ്യവസ്ഥകൾ അനുസരിച്ച്, അക്രഡിറ്റേഷൻ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തമായിരുന്നു. എല്ലാ

സ്ഥാപനങ്ങളും എൻഎഎസി, നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (എൻബിഎ)[95] എന്നിവയുടെ അക്രഡിറ്റേഷൻ നിർബന്ധിത ക്വാളിറ്റി അഷുറൻസ് ഫ്രെയിംവർക്കായി സ്വീകരിക്കുന്നുവെന്ന് സംസ്ഥാനങ്ങൾ ഉറപ്പാക്കേണ്ടതാണ്. റൂസയുടെ കീഴിലുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള ഒരു മുൻ വ്യവസ്ഥയായിരുന്നു ഇത്. കൂടാതെ, റൂസ 2.0-ന്റെ ലക്ഷ്യങ്ങൾ പ്രകാരം എല്ലാ സംസ്ഥാന സ്ഥാപനങ്ങളും 2020 മാർച്ച് അവസാനത്തോടെ എൻഎഎസി അംഗീകാരം[96] നേടിയിരിക്കണം. റൂസ 1.0-ന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി നിർബന്ധിത എൻഎഎസി അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് സംസ്ഥാനതല ക്വാളിറ്റി അഷ്വറൻസ് സെൽ (എസ്എൽക്യൂഎസി) രൂപീകരിക്കുന്നതിന് എംഎച്ച്ആർഡി സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു (2016 ജനുവരി). സംസ്ഥാനത്തുടനീളം ഭൂമിശാസ്ത്രപരമായി ചിതറിക്കിടക്കുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദേശീയ, അന്തർദേശീയ നിലവാരം കൈവരിക്കുന്നതിനായി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും തയ്യാറെടുപ്പ് പ്രവർത്തനങ്ങളും നടപ്പിലാക്കാൻ എസ്എൽക്യൂഎസിനെ ഏൽപിച്ചു.

സംസ്ഥാന സർക്കാർ എസ്എൽക്യൂഎസി സ്ഥാപിക്കുകയും (2016 മാർച്ച്) അതിന്റെ ചെലവുകൾക്കായി റൂസ ഫണ്ടിന്റെ ₹1.42 കോടി വിനിയോഗിക്കുകയും (2023 മാർച്ച്) ചെയ്തെങ്കിലും, 266 സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് സ്ഥാപനങ്ങളിൽ[97] 81 എണ്ണത്തിനും ഓഡിറ്റ് കാലയളവിന്റെ തുടക്കമായ 2018-19-ൽ ഒരു ഗ്രേഡിന്റിന്റെയും എൻഎഎസി അക്രഡിറ്റേഷൻ ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അഞ്ച് വർഷത്തിന് ശേഷം 2022-23-ലെ സ്ഥിതി **പട്ടിക 3.10**-ൽ വിശദമാക്കിയിരിക്കുന്ന പ്രകാരം അംഗീകാരമില്ലാത്ത സ്ഥാപനങ്ങളുടെ എണ്ണം 114 ആയി വർദ്ധിച്ചു.

**പട്ടിക 3.10: 2018-23 കാലയളവിലെ സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എൻഎഎസി അക്രഡിറ്റേഷന്റെ സ്ഥിതി**

| വർഷം | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം | അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 2018-19 | 266 | 81 |
| 2019-20 | 266 | 88 |
| 2020-21 | 266 | 94 |
| 2021-22 | 267 | 103 |
| 2022-23 | 267 | 114 |

*(ഉറവിടം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നൽകിയ വിവരങ്ങൾ)*

അക്രഡിറ്റേഷൻ നേടുന്ന പ്രവണത കുറഞ്ഞുവരുന്നത്, റൂസയുടെ മുൻവ്യവസ്ഥകൾ കൈവരിക്കുന്നതിന് സ്ഥാപനങ്ങളെ സഹായിക്കുന്നതിലെ എസ്എൽക്യൂഎസി-ന്റെ കാര്യക്ഷമത സംബന്ധിച്ച് ആശങ്ക ഉയർത്തുന്നു.

എൻഎഎസി വെബ്സൈറ്റ് പ്രകാരം (2023 ആഗസ്റ്റ്) സംസ്ഥാനത്ത് ആകെ 234 സ്ഥാപനങ്ങൾ അംഗീകൃതമാണെന്ന് സർക്കാർ വ്യക്തമാക്കി (2024 ഏപ്രിൽ). കൂടാതെ, എൻഎഎസി മൂല്യനിർണ്ണയ മാനദണ്ഡങ്ങളിൽ ഇടയ്ക്കിടെയുള്ള മാറ്റങ്ങൾ, കോവിഡ് 19 ലോക്ക്ഡൗൺ സമയത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടതും, 2018-ലും

95 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള അക്രഡിറ്റേഷൻ ഏജൻസി

96 എൻഎഎസി നൽകുന്ന അക്രഡിറ്റേഷന്റെ കാലാവധി സാധാരണയായി അഞ്ച് വർഷമാണ്. എന്നിരുന്നാലും, മുൻ രണ്ട് അക്രഡിറ്റേഷൻ സൈക്കിളുകളിൽ തുടർച്ചയായി ഉയർന്ന ഗ്രേഡ് നേടുകയും മൂന്നാം സൈക്കിളിൽ അത് തുടരുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സാധുത അഞ്ച് വർഷത്തിൽ നിന്ന് ഏഴ് വർഷമായി വർദ്ധിപ്പിക്കാൻ അർഹതയുണ്ടായിരിക്കും.

97 സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ

2019-ലും ഉണ്ടായ വെള്ളപ്പൊക്കം തുടങ്ങിയ നിരവധി ഘടകങ്ങൾ അക്രഡിറ്റേഷൻ പ്രക്രിയയെ പരിമിതപ്പെടുത്തിയതായി പ്രസ്താവിച്ചു.

റൂസ 2.0-ന്റെ ലക്ഷ്യങ്ങൾ പ്രകാരം 2020 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളും എൻഎഎസി അംഗീകാരം നേടിയിരിക്കണം. 2018-23 കാലയളവിൽ 58 കോളേജുകൾക്ക് ഒരു ഗ്രേഡിന്റേയും എൻഎഎസി അക്രഡിറ്റേഷൻ ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ മുകളിൽ പറഞ്ഞ വാദം നിലനിൽക്കുന്നതല്ല.

### 3.1.10. ഉപസംഹാരം

റൂസ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിന് 2014 മാർച്ച് മുതൽ ധനസഹായം ലഭിച്ചു. 2023 മാർച്ച് വരെ മൊത്തം ₹433.28 കോടി ഗ്രാന്റുകൾ ലഭിച്ചു, അതിൽ ₹310.54 കോടി മാത്രമേ സർക്കാരിന് ചെലവഴിക്കാനായുള്ളൂ. ₹122.74 കോടി ചെലവഴിക്കാതെ ബാക്കിയായി. റൂസയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയ വ്യവസ്ഥകൾ സ്ഥാപനങ്ങൾ പാലിക്കാതിരുന്നിട്ടും ഈ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചുനൽകി. ഇത് പദ്ധതിയുടെ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തി. 2013-17 കാലഘട്ടത്തിൽ റൂസ 1.0 നടപ്പിലാക്കേണ്ടതായിരുന്നുവെങ്കിലും, റൂസ 1.0-ന്റെ കീഴിൽ പരിശോധിച്ച സ്ഥാപനങ്ങളിൽ ഏറ്റെടുത്തിട്ടുള്ള നിരവധി പ്രോജക്ടുകൾ 2017 ആയപ്പോഴും പൂർത്തീകരിക്കപ്പെട്ടിരുന്നില്ല. കൂടാതെ, ഓഡിറ്റ് കാലയളവിൽ അവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായിരുന്നു. ഭൗതിക പരിശോധന നടത്തുന്നതിലെ കാലതാമസം, പദ്ധതി ആരംഭിക്കാത്തത് തുടങ്ങിയ കാരണങ്ങളാൽ റൂസ 1.0, 2.0 എന്നിവയുമായി ബന്ധപ്പെട്ട് യഥാക്രമം ₹10.54 കോടിയും ₹121.75 കോടിയും ഇനിയും അനുവദിക്കേണ്ടതുണ്ട്.

ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നിരവധി പോരായ്മകളും കാലതാമസങ്ങളും വ്യതിയാനങ്ങളും കണ്ടെത്തി. പദ്ധതി നടത്തിപ്പ്, ആസൂത്രണം, നിരീക്ഷണം, മൂല്യനിർണ്ണയം തുടങ്ങിയ ചുമതലകളിൽ നിന്ന് സംസ്ഥാനം കെഎസ്എച്ച്ഇസി-യെ ഒഴിവാക്കി. സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതികൾ കെ എസ്എച്ച്ഇസി അംഗീകരിച്ചിട്ടുണ്ടെങ്കിലും, അവയുടെ തയ്യാറെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൗൺസിൽ നിർവ്വഹിച്ചില്ല. ഐഡിപികളെ സംയോജിപ്പിച്ച് എസ്എച്ച്ഇപികൾ തയ്യാറാക്കിയില്ല. സ്ഥാപനങ്ങൾ ഡിപിആർ തയ്യാറാക്കുന്നതിന് അടിസ്ഥാന സർവ്വേ നടത്തിയില്ല. സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ എസ്പിഡിയുടെ ഭാഗത്തുനിന്ന് ക്രമാതീതമായ കാലതാമസമുണ്ടാകുകയും ഇത് ഡിപിആർ പ്രകാരം ഏറ്റെടുത്ത ഘടകങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസത്തിന് കാരണമാകുകയും ചെയ്തു.

2018-23 കാലയളവിലെ ഉന്നതവിദ്യാഭ്യാസത്തിനായി സർക്കാർ ചെലവഴിച്ചത് കേന്ദ്ര സർക്കാരുമായുള്ള ധാരണാപത്രം അനുസരിച്ച് സമ്മതിച്ചിട്ടുള്ള രണ്ട് ശതമാനം ജിഎസ്ഡിപിയുടെ സ്ഥാനത്ത് വെറും 0.44 മുതൽ 0.51 ശതമാനം വരെയാണ്. അംഗീകൃത ഡിപിആറിൽ നിന്നുള്ള വ്യതിചലനവും തത്ഫലമായുള്ള പൂർത്തീകരണത്തിനുള്ള ഫണ്ടിന്റെ അഭാവവും കാരണം അടിസ്ഥാനസൗകര്യ പദ്ധതികൾ അപൂർണ്ണമായി തുടർന്നു. പരിശോധന നടത്തിയ 16 സ്ഥാപനങ്ങളിൽ നാല് സ്ഥാപനങ്ങൾ മാത്രമാണ് പ്രത്യേക ടോയ്‌ലറ്റുകൾ, എലിവേറ്ററുകൾ, റാംപുകൾ തുടങ്ങിയ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നത്.

സ്ഥാപന തലത്തിലും സംസ്ഥാന തലത്തിലും പദ്ധതിയുടെ നിരീക്ഷണം അപര്യാപ്തമായിരുന്നു. വാർഷിക അടിസ്ഥാനത്തിലുള്ള വീക്ഷണപദ്ധതിയുടെ അഭാവത്തിൽ, പദ്ധതികൾ നടപ്പാക്കുന്നതിനും പുരോഗതി കൈവരിക്കുന്നതിനും സ്ഥാപനങ്ങൾക്ക് സമയപരിധി ഉണ്ടായിരുന്നില്ല. റൂസ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്ഥാപനങ്ങൾ പദ്ധതികളുടെ ജിയോ ടാഗിംഗ് നടത്തിയിരുന്നില്ല.

### 3.1.11. ശിപാർശകൾ

സംസ്ഥാന സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്:

- വെബ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കുന്ന എല്ലാ പ്രവൃത്തികളും ജിയോ ടാഗ് ചെയ്യുക.
- കേന്ദ്ര സർക്കാരുമായുള്ള ധാരണാപത്രം അനുസരിച്ച് ഉന്നതവിദ്യാഭ്യാസ ത്തിനുള്ള ചെലവ് ജിഎസ്ഡിപിയുടെ രണ്ട് ശതമാനമായി ഉയർത്തുക.
- സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി മാനദണ്ഡങ്ങൾക്കനുസൃതമായി അധ്യാപക തസ്തികകളിലേക്കുള്ള ജീവനക്കാരുടെ നിയമനം നടത്തുക.
- ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനായി റൂസയുടെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും നീണ്ട കാലതാമസം വന്ന സന്ദർഭങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായേണ്ടതുമാണ്.